**ഹെർമ്മോൻ ദൂതൻ**



പ്രസിഡന്റ്
**റൈറ്റ് റവ.ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പാ**

ഭദ്രാസന സെക്രട്ടറി
**വെരി റവ. സ്കറിയാ ഏബ്രഹാം**

ചീഫ് എഡിറ്റർ
**റവ. പി.ജെ. തോമസ്**

മാനേജർ
**റവ. ഷിബു മാത്യു**

കൺവീനർ
**ശ്രീ. എബി പാപ്പച്ചൻ**

കമ്മിറ്റി അംഗങ്ങൾ
**റവ. ജോർജ്ജ് ഏബ്രഹാം**
**ശ്രീ. ജോസഫ് വർഗീസ്**
**ശ്രീ. ഫിലിപ്പ് വർഗീസ്**
**ശ്രീ. ജേക്കബ് ജോർജ്ജ്**

കവർ & ലേഔട്ട്
**ജ്യുവൽ ഗ്രാഫിക്സ്, അടൂർ**

വിലാസം:
എഡിറ്റർ
ഹെർമ്മോൻ ദൂതൻ
ഹെർമ്മോൻ, അടൂർ–691 523

Ph: 04734 228240
hermondoothan@gmail.com
www.adoordiocese.org

**വാർഷിക വരിസംഖ്യ – 50/–**

# ഉള്ളടക്കം

**ഭദ്രാസന എപ്പിസ്കോപ്പായുടെ കത്ത്**

**ഭദ്രാസന സെക്രട്ടറിയുടെ അറിയിപ്പുകൾ**

**എഡിറ്റോറിയൽ**

**6** **അലരികൾ പൂക്കുന്ന പുലരികൾ**
അദ്ധ്യാപനത്തിന്റെ ശ്രേഷ്ഠതയെപ്പറ്റി അറിവിന്റെയും അനുഭവത്തിന്റെയും തലത്തിൽ രൂപപ്പെടുത്തിയ ആധികാരിക ലേഖനം– ശ്രീ. ഷാജി ജോർജ്ജ്

**9** **വിമോചനത്തിന്റെ അനുസ്മരണവും ആവിഷ്കാരവും വി. കുർബ്ബാനയിലൂടെ**
വിശുദ്ധ കുർബ്ബാനയിലൂടെ സാധ്യമായിത്തീരുന്ന വിമോചനത്തെപ്പറ്റിയുള്ള വിശകലനം – റവ.ഡോ. ജോർജ്ജ് മാത്യു കുറ്റിയിൽ

**12** **പത്തൊൻപതാം മാർത്തോമ്മാ**
ഡോ. അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ ധന്യമായ ജീവിത അനുഭവത്തിലേക്കൊരു തിരിഞ്ഞുനോട്ടം

**17** **കുട്ടി അറിയാൻ... അമ്മ അറിയാൻ...**
വിദ്യാർത്ഥികളുടെ പഠനത്തിൽ മാതാപിതാക്കളും കുട്ടികളും അറിയേണ്ടുന്നത് – ശ്രീ. തോമസ് ജോർജ്ജ് കൊട്ടയ്ക്കാട്

**19** **ലഹരിയുടെ മായാവലയത്തിൽ**
ലഹരിയുടെ ഉപയോഗം ജീവിതത്തെ എവിടെ കൊണ്ടെത്തിക്കുന്ന എന്നുള്ള പഠനം – റവ. റെജി യോഹന്നാൻ

**21** **സ്വർണ്ണത്താലത്തിൽ ഈ സ്നേഹം**
ജീവിതത്തെ ചിരിയിലേക്കും ചിന്തയിലേക്കും നയിക്കുന്ന ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തായുടെ ചിന്തകൾ

**22** **കൗമാരത്തെ അറിയുക**
മനുഷ്യനെ പ്രവർത്തനോന്മുഖനാക്കുന്ന വികാരങ്ങളെ നന്മയിലേക്ക് നയിക്കുന്ന ചിന്തകൾ– ശ്രീമതി അഞ്ജന റെജി

**24** **Kids Corner**
കുട്ടികളുടെ വ്യക്തിത്വത്തെ രൂപപ്പെടുത്തുന്ന നർമ്മ ചിന്തകൾ

**25** **പ്രതീക്ഷയുടെ പുതുകിരണങ്ങൾ–ആശാഭവൻ**
ശാരീരിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾക്ക് പ്രതീക്ഷ നൽകുന്ന ഇടങ്ങൾ

**28** **വാർത്തകൾ വിശേഷങ്ങൾ**





# ഭദ്രാസന എപ്പിസ്കോപ്പായുടെ കത്ത്

**ക**ർത്താവിൽ പ്രിയരെ,

ഹെർമ്മോൻ ദൂതനിലൂടെ വീണ്ടും എല്ലാവരോടും ബന്ധപ്പെടുവാൻ ഇടയാകുന്നതിൽ ഏറെ സന്തോഷിക്കുന്നു. ത്രൈമാസികയായി പ്രസിദ്ധീകരിക്കുന്ന ഹെർമ്മോൻ ദൂതൻ 3000-ൽ താഴെ വരിക്കാർ മാത്രമാണിപ്പോഴും ഉള്ളത്. ഭദ്രാസന പ്രവർത്തനങ്ങൾ ഭദ്രാസന ഇടവകകളിലെ എല്ലാ അംഗങ്ങളും മനസ്സിലാക്കുന്നത് ആവശ്യമാണ്. ആയതിനാൽ എല്ലാ ഭവനങ്ങളിലും ഓരോ കോപ്പി ലഭിക്കത്തക്കവിധം ചില ക്രമീകരണങ്ങൾ ചെയ്തുവരുന്നു. ഇപ്പോഴത്തെ ക്രമീകരണം അനുസരിച്ച് ഒരു വർഷത്തേക്ക് 100 രൂപയാണ്. എന്നാൽ ഓരോ ഇടവകയും അവിടുത്തെ വീട്ടുകാരുടെ സംഖ്യയ്ക്കനുസരിച്ച് 50 രൂപാ ക്രമത്തിൽ നൽകുമ്പോൾ എല്ലാ കുടുംബങ്ങൾക്കും ലഭ്യമാകും. നമ്മുടെ ഭദ്രാസനത്തിലെ 93 ഇടവകകളും ഈ പുതിയ ക്രമീകരണമനുസരിച്ചുള്ള പണം ഭദ്രാസന ഓഫീസിൽ അടച്ചു ഹെർമ്മോൻ ദൂതൻ എല്ലാ ഭവനങ്ങളിലും ലഭ്യമാക്കുവാൻ ശ്രദ്ധിക്കുമല്ലോ. ഇക്കാര്യത്തിൽ വികാരിയച്ചന്മാരുടെയും ചുമതലക്കാരുടെയും സത്വരശ്രദ്ധ ഉണ്ടാകേണ്ടതാണ്. ഈ ക്രമീകരണം ജൂലൈ ലക്കം മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

സൺഡേസ്കൂൾ, യുവജനസഖ്യം, സുവിശേഷസേവികാസംഘം, സന്നദ്ധ സുവിശേഷക സംഘം, വികസന സംഘം തുടങ്ങിയവയുടെ ഭദ്രാസനതല വാർഷിക പൊതുയോഗം ഇതിനോടകം പൂർത്തിയാക്കാൻ കഴിഞ്ഞതു ഏറെ നന്നായി. കൃത്യമായി ചുമതലകൾ നിർവ്വഹിച്ച സംഘടനാ ഭാരവാഹികളെ അനുമോദിക്കുന്നു.

എല്ലാ മാസവും ഭദ്രാസനത്തിലെ അച്ചന്മാരുടെ ഒന്നിച്ചുള്ള കൂടിവരവ് ഏറെ ശ്രദ്ധേയമാണ്. പ്രോഗ്രാമുകൾ കൂട്ടായി പ്ലാൻ ചെയ്യുന്നതിനും അവയുടെ ഭംഗിയായ നടത്തിപ്പും ഉറപ്പിക്കുവാൻ ഇത്തരത്തിലുള്ള കൂടിവരവുകൾ വളരെ സഹായകമാണ്. എല്ലാ മാസത്തെയും ഒന്നാമത്തെ ശനിയാഴ്ച രാവിലെ 9.30 മുതൽ 1 മണിവരെ സ്പിരിച്വാലിറ്റി സെന്ററിൽ നടക്കുന്ന സ്പിരിച്വൽ റിവൈവൽ കൂട്ടായ്മ വളരെപ്പേരുടെ ശ്രദ്ധ ലഭിച്ചുവരുന്നു. കൂടുതൽ പേർ ഈ

ആത്മീയകൂട്ടായ്മയിൽ സംബന്ധിക്കുവാൻ ഉത്സാഹിക്കണം. വിവിധ വിഷയങ്ങൾ പ്രാർത്ഥനയ്ക്കായി നൽകിവരുന്നു. കൗൺസിലിംഗ് ആവശ്യമുള്ളവർക്ക് അതിനുള്ള സൗകര്യവും ക്രമീകരിക്കുന്നതാണ്. പ്രാർത്ഥനാപൂർവ്വം ഏവർക്കും വന്ന് സംബന്ധിക്കാം.

ജൂലൈ 1 മുതൽ 10 വരെ ആദ്യത്തെ ഡീ–അഡിക്ഷൻ ക്യാമ്പ് ക്രമീകരിച്ചിരിക്കുന്നു. സഹായം ആവശ്യമുള്ള കുടുംബങ്ങൾക്ക് വന്നു സംബന്ധിക്കാവുന്നതാണ്.

വിവാഹിതരാകുവാൻ താല്പര്യമുള്ളവർക്കായി ഒരുക്ക ക്ലാസ്സുകൾ ക്രമീകൃതമായി നടത്തിവരുന്നു. വിവാഹത്തിനുമുൻപ് നിർബ്ബന്ധമായും ഈ ക്ലാസ്സുകളിൽ സംബന്ധിച്ചിരിക്കണം. വരനും വധുവും അവരുടെ മാതാപിതാക്കളും സംബന്ധിക്കത്തക്കവിധമാണ് ക്രമീകരണങ്ങൾ.

സ്കൂൾ വർഷാരംഭത്തോടനുബന്ധിച്ച് നമ്മുടെ പുതിയ ഇടവകകളിലെ 10-ാം ക്ലാസ് വരെ പഠിക്കുന്ന മുഴുവൻ കുട്ടികൾക്കും മാതാപിതാക്കൾക്കുംവേണ്ടി ഒരു കൂടിവരവ് നടത്തിയത് ഏറ്റവും അനുഗ്രഹപ്രദമായിരുന്നു. ആരാധനയോടെ ആരംഭിച്ചു. പഠനകാര്യങ്ങളിൽ അവരുടെ ശ്രദ്ധ വർദ്ധിക്കേണ്ടതിനായി ക്ലാസും ക്രമീകരിച്ചിരുന്നു. പങ്കെടുത്ത എല്ലാ കുട്ടികൾക്കും പഠനോപകരണങ്ങൾ അടങ്ങിയ കിറ്റ് സമ്മാനമായി നൽകി.

ഭദ്രാസനത്തിലെ ബസ്ക്കിയോമോമാരുടെ കൂട്ടായ്മ ജൂലൈ 6-ാം തീയതി ബുധനാഴ്ച അടൂർ യൂത്ത് സെന്റർ ചാപ്പലിൽ കൂടുന്നതാണ്. ഏവരും വന്ന് സംബന്ധിക്കണമെ.

യുവജനസഖ്യത്തിന്റെയും വികസനസംഘത്തിന്റെയും ആഭിമുഖ്യത്തിൽ ജൈവപച്ചക്കറിത്തോട്ടം എല്ലാ ഇടവകകളിലും ആരംഭിക്കുന്നത് നല്ലതാണ്. അങ്ങനെ ഉല്പാദിപ്പിക്കുന്ന പച്ചക്കറിത്തോട്ടത്തിലെ ഫലശേഖരവും വില്പനയും ഓരോ സെന്ററിന്റെ ചുമതലയിൽ ഓണത്തിന് തലേന്ന് ഉത്രാടദിനം നിർവ്വഹിക്കുന്നതാണ്. വിഷലിപ്തമായ ഭക്ഷ്യപദാർത്ഥങ്ങളെ ഇപ്രകാരമുള്ള സംരംഭങ്ങളിലൂടെ ഉച്ചാടനം ചെയ്യുവാൻ സാധിക്കണം. പ്രകൃതി സൗഹൃദമായ ജീവിത സാഹചര്യം സൃഷ്ടിക്കുന്നതിൽ ഓരോ ഇടവകയും കുടുംബങ്ങളും ആവത് യത്നിക്കണം.

ഇക്കഴിഞ്ഞ വാർഷിക പരീക്ഷയിൽ 10, 12 ക്ലാസ്സുകളിൽ നല്ല വിജയം സമ്പാദിച്ച വിദ്യാർത്ഥികളെ അനുമോദിക്കുന്നു. തുടർപഠനത്തിലും വർദ്ധിച്ച ഉത്സാഹത്തോടെ പഠനകാര്യങ്ങളിൽ ശ്രദ്ധിച്ചു ഉന്നത വിജയം കൈവരിക്കുവാൻ ദൈവം സഹായിക്കട്ടെ.

ജൂൺ മാസം 4-ാം തീയതി നടന്ന ഇടവക ചുമതലക്കാരുടെ കൂടിവരവ് വളരെ അനുഗ്രഹപ്രദമായിരുന്നു. വന്ന് സംബന്ധിച്ച എല്ലാവർക്കും നന്ദി. ഭദ്രാസനപ്രവർത്തനങ്ങളിൽ എല്ലാവരുടെയും കൂട്ടായ സഹായസഹകരണങ്ങൾ ഏറെ ആവേശം നൽകുന്നു. ഭദ്രാസനപ്രവർത്തനങ്ങൾക്ക് ആവശ്യമായ സാമ്പത്തികസഹകരണം നൽകുന്നതിലും ഉത്സാഹിക്കണമെ.

കർത്താവേശുമശിഹായുടെ കൃപ നിങ്ങളിൽ വർദ്ധിച്ചു വരുമാറാകട്ടെ.

Marpaulos+

ഹെർമ്മോൻ അരമന
ജൂലൈ 1, 2016

**മാർ പൗലൊസ് എപ്പിസ്കോപ്പാ**

# ഭദ്രാസന സെക്രട്ടറിയുടെ അറിയിപ്പുകൾ......



മധ്യവേനൽ അവധി കഴിഞ്ഞ് കേരളത്തിലെ വിദ്യാലയങ്ങൾ എല്ലാം തുറന്ന് പുതിയ അധ്യയന വർഷത്തെ പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കയാണല്ലോ. നമ്മുടെ ഭദ്രാസന കൗൺസിൽ സബ്കമ്മിറ്റിയായ ബി.സി.ഡി.സി. യുടെയും ഭദ്രാസന യുവജനസഖ്യത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ വിദ്യാലയ വർഷാരംഭ ധ്യാനവും ഭദ്രാസനത്തിലെ പുതിയ ഇടവകകളിലെ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് പഠനോപകരണ വിതരണവും 2016 മെയ് 30-ാം തീയതി തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് അടൂർ ഈശോ മാർത്തിമൊഥെയോസ് സ്പിരിച്വാലിറ്റി സെന്ററിൽ വച്ച് നടത്തപ്പെട്ടു. 190 വിദ്യാർത്ഥിനി വിദ്യാർത്ഥികളും അവരുടെ രക്ഷിതാക്കളും പങ്കെടുത്ത സമ്മേളനം ഭദ്രാസന എപ്പിസ്കോപ്പാ അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലോസ് തിരുമേനി ഉദ്ഘാടനം ചെയ്തു. തുമ്പമൺ ഗവ. ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽ ശ്രീ. തോമസ് ജോർജ്ജ് വിജയകരമായ പഠനത്തിനും വളർച്ചയ്ക്കും കുട്ടികളെ സഹായിക്കുന്ന പ്രമാണങ്ങളെ ആസ്പദമാക്കി മുഖ്യപ്രഭാഷണം നടത്തി. ഒരു കുട്ടിക്ക് 800 രൂപാവീതം വിലവരുന്ന പഠനോപകരണങ്ങൾ തദ്ദവസത്തിൽ വിതരണം ചെയ്തു. വെണ്മണി മാർത്തോമ്മാ ഇടവകാംഗമായ ശ്രീ. ബാബുവും (VENSEK) ഭദ്രാസന യുവജനസഖ്യവും സ്പോൺസർ ചെയ്തു സഹായിച്ചതിലുള്ള നന്ദി അറിയിക്കുന്നു. ഈ വർഷം എസ്.എസ്.എൽ.സി., +2 പരീക്ഷകളിൽ ഉന്നതവിജയം നേടിയ ഭദ്രാസനത്തിലെ പുതിയ ഇടവകകളിലെ രണ്ട് കുട്ടികൾക്ക് ക്യാഷ് അവാർഡും, മൊമന്റോയും നൽകി ഭദ്രാസന അസംബ്ലിയിൽ വച്ച് ആദരിക്കുന്നതാണ്. മാർക്ക്ലിസ്റ്റുകളുടെ കോപ്പി വികാരിയുടെ ശുപാർശയോടുകൂടി ഭദ്രാസന ആഫീസിൽ അയച്ചുതരേണ്ടതാണ്.

നമ്മുടെ ഭദ്രാസനത്തിലെ ഇടവക ചുമതലക്കാരുടെ ഒരു മീറ്റിംഗ് 2016 ജൂൺ മാസം 4-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് സ്പിരിച്വാലിറ്റി സെന്ററിൽ വച്ച് അഭിവന്ദ്യ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ നടന്നു. റവ. മാമ്മൻ ശാമുവേൽ ധ്യാനപ്രസംഗം നടത്തി. മാർത്തോമ്മാ സഭാ ആഫീസ് ഫിനാൻസ് മാനേജർ റവ. ജോർവിൻ ജോസഫ്, ചാർട്ടേഡ് അക്കൗണ്ടന്റ് ശ്രീ. ജേക്കബ് ഏബ്രഹാം എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. വിവിധ ഇടവകകളിൽനിന്നും 200-ൽ അധികം ചുമതലക്കാർ മീറ്റിംഗിൽ സംബന്ധിച്ചു.

2016 ജൂലൈ 1 മുതൽ 10 ദിവസം ദൈർഘ്യമുള്ള ഒരു ക്യാമ്പ് മദ്യപാനരോഗികളെയും, അവരുടെ ഭാര്യമാരെയും ഉൾപ്പെടുത്തി സ്പിരിച്വാലിറ്റി സെന്ററിൽ വച്ച് നടത്തുവാനുള്ള ക്രമീകരണങ്ങൾ ചെയ്തുവരുന്നു. നമ്മുടെ ഇടവകയിലോ ചുറ്റുപാടോ ലഹരി ആസക്തിയുള്ള ആളുകളെ കണ്ടുപിടിച്ച് ഈ ക്യാമ്പിൽ പങ്കെടുപ്പിക്കുവാൻ ബഹു. അച്ചന്മാരും സുവിശേഷകരും പ്രത്യേകം ശ്രദ്ധിക്കേണമെ. ജൂലൈ മാസം 16-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3.30ന് നമ്മുടെ ഭദ്രാസനത്തിലെ പള്ളിശുശ്രൂഷകന്മാരുടെ (Sexton) സമ്മേളനവും സ്പിരിച്വാലിറ്റി സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്. എല്ലാ പള്ളിശുശ്രൂഷകന്മാരും ഈ യോഗത്തിൽ വന്ന് സംബന്ധിക്കുന്നതിന് പ്രത്യേകം ക്ഷണിച്ചുകൊള്ളുന്നു.

നമ്മുടെ ഭദ്രാസന അസംബ്ലി ആഗസ്റ്റ് 6-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് സ്പിരിച്വാലിറ്റി സെന്ററിൽ വച്ച് നടത്തുന്നതാണ്. ഭദ്രാസന കൗൺസിൽ അംഗങ്ങൾ, അസംബ്ലി അംഗങ്ങൾ എല്ലാവരും വന്ന് സംബന്ധിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു. ഈ വർഷം ആഗസ്റ്റ് 21-ാം തീയതിയാണ് ഭദ്രാസനദിന ഞായർ ആയി ആചരിക്കപ്പെടുന്നത്. ഡെപ്യൂട്ടേഷൻ ക്രമീകരണങ്ങൾ അനുസരിച്ച് ബഹുമാനപ്പെട്ട അച്ചന്മാരും, സുവിശേഷകരും, ചുമതലപ്പെടുത്തുന്നവരും ഇടവകകൾ സന്ദർശിച്ച് ആരാധനയ്ക്ക് നേതൃത്വം നൽകുകയും, എല്ലാ ഭവനങ്ങളും സന്ദർശിച്ച് ഭദ്രാസനത്തിനുവേണ്ടിയുള്ള ധനസമാഹരണം നടത്തി സഹായിക്കുകയും ചെയ്യണമെ. നമ്മുടെ ഭദ്രാസനത്തിന്റെ അനുഗ്രഹകരമായ പ്രവർത്തനങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കാം.

**വെരി. റവ. സ്കറിയാ ഏബ്രഹാം**
**(ഭദ്രാസന സെക്രട്ടറി)**



# വിശ്വാസത്തിന്റെ വിളഭൂമിയിൽ നല്ല വിത്ത് വിതയ്ക്കാം...

Editorial

“സീക്രട്ട് ഓഫ് കാശ്മീർ” - നിതാന്ത സംഘർഷങ്ങളിൽ ശിഥിലമാക്കുന്ന മനുഷ്യജീവിതങ്ങൾക്കിടയിലെ ഒരു സംഘം കാശ്മീരി സ്ത്രീകളുടെ അതിജീവനത്തിന്റെ കഥ പറയുന്ന കൃതിയാണ്. ഫർഹാന ഖാസിയുടെ സഞ്ചാരപഥത്തിൽ താൻ കണ്ടുമുട്ടിയ കാശ്മീരി സ്ത്രീകളുടെ ദുഃഖങ്ങളും ദുരിതങ്ങളും ദുരന്തങ്ങളും വിവരിക്കുന്നു. മനോഹരമായ ഒരു ഭൂപ്രദേശം രക്തം വാർന്നു മൃതപ്രായമായതിന്റെ ഓർമ്മകൾ...; വിഭിന്നങ്ങളായ അനുഭവങ്ങൾ സൃഷ്ടിക്കുന്ന സംഭ്രാന്തി; ജീവിതത്തെ അടിമുടി തിരുത്തിക്കുറിച്ച സംഭവങ്ങൾ... എല്ലാം അതിൽ ആലേഖനം ചെയ്തിരിക്കുന്നു. നാം ജീവിക്കുന്ന ഭാരതത്തിന്റെ ചിത്രം നമ്മുടെ കണ്ണുകളെ തുറപ്പിക്കുന്നതാകട്ടെ.

യഥാർത്ഥ ജീവിതത്തിന്റെ പച്ചയായ ആവിഷ്കാരം ഹൃദയഭിത്തികളെ മുറിപ്പെടുത്തുമ്പോൾ വിശ്വാസത്തിന്റെ വിളഭൂമിയിൽ നല്ല വിത്തു വിതച്ച് മാതൃക സൃഷ്ടിച്ചവരുടെ വഴിത്താരകൾ പ്രതീക്ഷകൾ പങ്കുവയ്ക്കുന്നു.

ഓരോ ഇൻഡ്യൻ പൗരന്റെയും ഹൃദയസരസ്സിൽ ജ്വലിക്കുന്ന അവിസ്മരണീയ വിജയത്തിന്റെ അനുസ്മരണവും ആവിഷ്കാരവുമാണ് സ്വാതന്ത്ര്യദിനം. ചരിത്രത്തിന്റെ നാഴികക്കല്ലായ ഈ ദിനത്തിനായി നിർഭയവും നിസ്വാർത്ഥമായും നിരന്തരം പോരാടിയ രാജ്യസ്നേഹികളെ സ്മരിക്കുന്നു.

ഒരു കാലത്ത്, ഇന്നും ചിലയിടങ്ങളിൽ നാവിൽ ഹരിശ്രീ കുറിക്കുന്നത് സ്വർണ്ണം തേനിൽ മുക്കിയായിരുന്നു. തേനിൽ മുക്കി സ്വർണ്ണം കൊണ്ട് ആദ്യാക്ഷരം കുറിക്കുമ്പോൾ ഈ കുഞ്ഞിന്റെ വാക്കുകൾ തേൻപോലെ മധുരമുള്ളതും സ്വർണ്ണം പോലെ വിലപിടിച്ചതുമാകണമെന്നു ശുഭസങ്കല്പമുണ്ട്.

ചരിത്രത്തിന്റെ രാജവീഥികളിലെ വഴിപോക്കരായ നാം വെറും വിസ്മയ കാഴ്ചക്കാരായി മാത്രം മാറുവാനല്ല മറിച്ച് കാലഹരണപ്പെട്ടുകൊണ്ടിരിക്കുന്ന ആർഷധർമ്മങ്ങൾക്ക് നവജീവൻ നൽകുവാൻ നമുക്ക് സാധിക്കണം. പുതുമയുടെയും പുരോഗതിയുടെയും പേരിലുള്ള മിഥ്യാജല്പനങ്ങളെ നാം തിരിച്ചറിയണം. അധിനിവേശത്തിന്റെയും അടിച്ചമർത്തലിന്റെയും അടിമത്വത്തിന്റെയും നവഭാവങ്ങളെപ്പറ്റി ബോധമുള്ളവരാകണം. കവിയുടെ ഭാഷയിൽ:

“മഴയുടെ ഈണം മാറുന്നു
പുഴയുടെ ചൈതന്യം കെടുന്നു
ഋതുക്കളുടെ താളം തെറ്റുന്നു
ഉണക്കമരത്തിൽ അടയ്ക്കാക്കിളി ചത്തിരിക്കുന്നു”

സ്വാർത്ഥതയുടെ കരിംഭൂതങ്ങൾ നമ്മുടെ നാടിന്റെ ഹരിതാഭയെ തിന്നൊടുക്കുവാൻ തുടങ്ങിയിട്ട് നാളുകളേറെയായി. ഇവിടെ നമുക്കാരംഭിക്കാം... ഓരോ തുണ്ട് ഭൂമിയെയും നമുക്ക് നിർമ്മലമായി സൂക്ഷിക്കാം.

ഇന്നലെകളുടെ നന്മകളെ അനുസ്മരിച്ച് (Remember the past glory), ഇന്നന്റെ യാഥാർത്ഥ്യങ്ങളെപ്പറ്റി അവബോധമുള്ളവരായി (Realize the present reality), ഇനിയും വരുവാനുള്ള പ്രത്യാശയിൽ ആനന്ദിക്കുവാൻ (Rejoice in the hope) നമുക്ക് സാധിക്കട്ടെ.

**റവ.പി.ജെ. തോമസ്**
**ചീഫ് എഡിറ്റർ**

# അലരികൾ പൂക്കുന്ന പുലരികൾ



ഷാജി ജോർജ്ജ്

**ഹൃദയത്തിൽ വെളിച്ചം നിറയ്ക്കാൻ കഴിയുന്ന അദ്ധ്യാപകരാണ് കാലഘട്ടത്തിന്റെ ആവശ്യം**

പുഴയോരങ്ങളിലാണ് അലരികൾ വളരുന്നതും പൂക്കൾ കൊണ്ട് പ്രഭാതത്തിന് താലപ്പൊലി ഒരുക്കുന്നതും. ജ്ഞാനത്തിന്റെ പുഴയോരങ്ങളിൽ പൂക്കുന്ന അലരികളാണ് വിദ്യാർത്ഥികൾ. പുലർകാലവെളിച്ചം വന്ന് അലരികളെ തൊട്ടുണർത്തുമ്പോൾ അലരികൾ പൂത്തുലയും. അദ്ധ്യാപകർ കുട്ടികളിലേക്കെത്തുന്നത് ഒരു പുലർകാലവെളിച്ചമായിട്ടാണ്. പുലർകാല വെളിച്ചത്തിന്റെ സ്പർശനത്തിലാണ് അലരികൾ ഉണരുന്നതെങ്കിൽ അവയിൽ തളിർക്കുന്ന പൂക്കൾ പുലരിയെ കൂടുതൽ മനോഹരമാക്കും. ഗുരുശിഷ്യ ബന്ധത്തിലും ഈ പാരസ്പര്യം അനിവാര്യമാണ്. ബാലചന്ദ്രൻ ചുള്ളിക്കാട് ‘പലതരം കവികൾ’ എന്ന കവിതയിൽ ഒരുകൂട്ടം കവികളെ താരതമ്യപ്പെടുന്നത് പ്രൈമറി സ്കൂൾ അദ്ധ്യാപകരോടാണ്. ഒരു കവിയുടെ ഹൃദയമലരുകൾകൊണ്ടു തീർത്ത കവിതയാണത്. ബാലചന്ദ്രൻ ചുള്ളിക്കാട് ഇങ്ങനെയാണ് കുറിച്ചത്–

“അപൂർവ്വം ചില കവികൾ
പ്രൈമറി സ്കൂൾ അദ്ധ്യാപകരെ
പ്പോലെയാണ്. ഗ്രാമത്തിനു
വെളിയിൽ അവർ അറിയപ്പെടില്ല.
എങ്കിലും നിത്യം മുന്നിൽ
വന്നിരിക്കുന്ന
പിഞ്ചുകുഞ്ഞുങ്ങളുടെ
ദൈവദീപ്തമായ കണ്ണുകൾ അവരെ
ശുദ്ധീകരിച്ചുകൊണ്ടിരിക്കും.
വിശ്വപ്രസിദ്ധിയുടെയോ
അനശ്വരതയുടെയോ
വ്യാമോഹങ്ങളും ഉൽക്കണ്ഠകളും
ഇല്ലാതെ ഒരു ദിവസം അവർ
സംതൃപ്തിയോടെ ദൈവത്തിലേക്കു
പെൻഷൻ പറ്റും”.

കുട്ടികളുടെ ദൈവദീപ്തമായ കണ്ണുകളാൽ ശുദ്ധീകരിക്കപ്പെടേണ്ടവരാണ് അദ്ധ്യാപകർ. അതേസമയം കുട്ടികളുടെ കണ്ണുകളെ ദൈവദീപ്തമാക്കുന്നതിൽ അദ്ധ്യാപകർക്കും വലിയ പങ്കു വഹിക്കാനുണ്ട്. കൃപ



യുടെ വെളിച്ചം കുടിച്ച അദ്ധ്യാപകർക്കുമാത്രമേ കുഞ്ഞുമനസ്സുകളെ വെളിച്ചം കൊണ്ടു നിറയ്ക്കുവാൻ കഴികയുള്ളു. ഹൃദയത്തിൽ വെളിച്ചമുള്ള കുട്ടികളുടെ മാത്രമേ കണ്ണുകൾ ദൈവദീപ്തമാകയുള്ളു.

ഹൃദയത്തിൽ വെളിച്ചം നിറയ്ക്കാൻ കഴിയുന്ന അദ്ധ്യാപകരാണ് കാലഘട്ടത്തിന്റെ ആവശ്യം. വിദ്യാഭ്യാസ സിദ്ധാന്തങ്ങളും പഠനതന്ത്രങ്ങളും ഹൃദിസ്ഥമാക്കിയതുകൊണ്ടുമാത്രം കുട്ടികളുടെ ഹൃദയത്തിൽ വെളിച്ചം വിതയ്ക്കാനുള്ള ശേഷി അദ്ധ്യാപകനുണ്ടാകയില്ല. അദ്ധ്യാപനത്തെ ദൈവിക നിയോഗമായിക്കണ്ട് വെളിച്ചം കൊടുക്കുവാൻ കഴിയണം. 'ജീവിതക്കാഴ്ചകൾ' എന്ന പുസ്തകത്തിൽ അദ്ധ്യാപകരെക്കുറിച്ചുള്ള ചില ഉൾക്കാഴ്ചകൾ ഡോ. വി.പി. ഗംഗാധരൻ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ കുറിപ്പിന് കൊടുത്തിരിക്കുന്ന പേരു തന്നെ വളരെ ഹൃദ്യമാണ്– 'നല്ല ഇടയന്മാർ'. ആ കുറിപ്പിൽ അദ്ദേഹം കുറിച്ചതിപ്രകാരമാണ്. "നല്ല ഇടയന്മാർ കൂടുതൽ ശ്രദ്ധിക്കേണ്ടത് ശേഷി കുറഞ്ഞ കുഞ്ഞാടുകളുടെ കാര്യമായിരിക്കണം. അദ്ധ്യാപനം എന്നത് ശമ്പളം കിട്ടാൻ വേണ്ടി ചെയ്യുന്ന വെറുമൊരു ജോലി മാത്രമല്ല, അത് പുതിയൊരു തലമുറയെ വാർത്തെടുക്കുന്ന സർഗാത്മകമായ, മഹത്തായ പ്രവൃത്തിയാണ്. ഒരു അദ്ധ്യാപകന്റെ അല്ലെങ്കിൽ അദ്ധ്യാപികയുടെ മുന്നിലെത്തുന്ന ഒരു കുട്ടിയുമില്ല ഒന്നിനും കൊള്ളാത്തവരായി. ഒന്നിലല്ലെങ്കിൽ മറ്റൊരു മേഖലയിൽ സവിശേഷ മികവുള്ളവരായിരിക്കും ഓരോരുത്തരും. ഒരാളുടെ ശേഷി എവിടെയെന്ന് കണ്ടെത്തി ആ ശേഷി അയാൾക്കും സമൂഹത്തിനും ഗുണകരമായി വളർത്തിയെടുക്കാൻ കഴിഞ്ഞാൽ മാത്രമേ ഒരാൾ നല്ല അദ്ധ്യാപകനാവുകയുള്ളു. മനുഷ്യരെ മനസ്സിലാക്കാനും സ്നേഹിക്കാനും മറ്റൊരാളുടെ ദുഃഖത്തിൽ അനുതപിക്കാനും അദ്ധ്യാപകർക്കു കഴിയണം. ആ ശേഷി തലമുറകളിലേക്കു പകരാൻ കഴിയണം. അപ്പോൾ മാത്രമേ അദ്ധ്യാപകർ ശരിക്കും വിദ്യാദാതാക്കളാവുകയുള്ളു. നല്ല അദ്ധ്യാപകർ നല്ല ഇടയന്മാരാണ്. ഒരു കുഞ്ഞിനെപ്പോലും കൂട്ടംതെറ്റിപ്പോകാൻ വിടാതെ പരിഗണിച്ച് വാത്സല്യത്തോടെ പരിപാലിക്കുന്നവർ. അവർക്ക് മിടുക്കന്മാരോട് അങ്ങനെ അധിക പ്രതിപത്തിയൊന്നും ഉണ്ടാവാറില്ല. അവർക്ക് സാധാരണക്കാരുടെ ജീവിതവും പൊതുസമൂഹവുമായിരിക്കും കൂടുതൽ പ്രധാനം". ഡോക്ടറുടെ ഈ ഉപദേശം അദ്ധ്യാപകർക്കു അവശ്യം ആവശ്യമായ ഒരു തെറാപ്പിതന്നെയാണ്. 'മാതൃഭൂമി' ആഴ്ചപ്പതിപ്പിൽ ഗുരുശിഷ്യ ബന്ധത്തിന്റെ ഊഷ്മളമായ അനുഭവങ്ങൾ പങ്കുവെയ്ക്കുന്ന 'ചോക്കുപൊടി' എന്ന പംക്തിയിൽ മലപ്പുറത്തെ ഒരു ഗവണ്മെന്റ് എൽ.പി.സ്കൂൾ അദ്ധ്യാപികയായ കെ. രാജേശ്വരി ടീച്ചർ എഴുതിയ 'ഗായത്രിയുടെ അമ്മ' എന്ന അനുഭവക്കുറിപ്പ് വളരെ ഹൃദ്യമാണ്. ടീച്ചർ ഒരു സ്കൂളിലേക്ക് സ്ഥലംമാറി ചെന്നപ്പോൾ ഒന്നാം ക്ലാസ്സിലേക്കാണ് ആദ്യം ചെല്ലേണ്ടിവന്നത്. കുട്ടികളുടെ പ്രതികരണം അത്ര ആശാവഹമല്ലായിരുന്നു. "ഏത് സ്കൂള്ന്നാണോ ങ്ങള് വന്നത്, അങ്ങട്ടന്നെ പൊയ്ക്കോളീ.... ഞങ്ങക്ക് ഞങ്ങളെ ടീച്ചറു തന്നെ മതി" എന്നു പറഞ്ഞാണ് കുട്ടികൾ ബഹളമുണ്ടാക്കിയത്. അതുവരെ അവരെ പഠിപ്പിച്ചിരുന്ന സുനന്ദ ടീച്ചറിനെ അവർക്ക് അത്രമാത്രം ഇഷ്ടമായിരുന്നു. എന്നാൽ മറ്റു കുട്ടികളുടെ ഈ പ്രതിഷേധ സ്വരങ്ങൾക്കിടയിൽ ഗായത്രി എന്ന ഒരു മാലാഖക്കുഞ്ഞ് എഴുന്നേറ്റു നിന്ന് തന്റെ അഭിപ്രായം പ്രകടിപ്പിച്ചു–"എനിക്കിഷ്ടമായി. എനിക്ക് ഈ ടീച്ചർ തന്നെമതി" എന്നാൽ രാജശ്രീ ടീച്ചർ വളരെ സ്നേഹത്തോടുകൂടി കുട്ടികളോട് ഇടപെട്ടപ്പോൾ ഗായത്രിയുടെ അഭിപ്രായം എല്ലാവർക്കുമുണ്ടായി. ഗായത്രി നല്ല പ്രസരിപ്പുള്ള കുട്ടിയായിരുന്നു. എന്നാൽ ഗായത്രിയുടെ പ്രസരിപ്പ് ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോഴേക്കും മങ്ങുന്നതായി ടീച്ചർക്കു തോന്നി. എന്തുപറ്റി എന്ന് രാജശ്രീ ടീച്ചർ അന്വേഷിച്ചപ്പോൾ മറ്റു ടീച്ചർമാരിൽ നിന്നു പല കാര്യങ്ങളും അറിയാൻ കഴിഞ്ഞു. ഗായത്രിയുടെ അമ്മ രോഗബാധിതയായി ആശുപത്രിയിൽ ചികിത്സയിലാണെന്നും അവരുടെ കുടുംബം ഒട്ടേറെ പ്രതിസന്ധികളിലൂടെ കടന്നുപോവുകയാണെന്നും ടീച്ചർ മനസ്സിലാക്കി. വസ്തുതകൾ മനസ്സിലാക്കുക മാത്രമല്ല, അവളുടെ പ്രസരിപ്പ് വീണ്ടെടുക്കുവാൻ തനിക്കാവുന്നതെല്ലാം ചെയ്യണമെന്നു ടീച്ചർ നിശ്ചയിച്ചു. രാജശ്രീ ടീച്ചർ തന്റെ സമീപനത്തെക്കുറിച്ച് ഇപ്രകാരം എഴുതി. "വീട്ടിൽ അച്ഛനമ്മമാരുടെ അഭാവം സൃഷ്ടിച്ച അരക്ഷിതാവസ്ഥയും അമ്മയുടെ അസുഖത്തെക്കുറിച്ചുള്ള ആധിയും ആ കുഞ്ഞിക്കണ്ണുകളിൽ നിന്നും ഞാൻ വായിച്ചെടുത്തു. അവളെ സന്തോഷിപ്പിക്കാനും പഴയ പ്രസരിപ്പും മടക്കിക്കൊണ്ടുവരാനും ആവുന്നത് ചെയ്യണമെന്ന ചിന്ത എന്നിലുണർന്നു. ദിവസവും അവളെ അടുത്തുവിളിച്ച് കുറച്ച് സമയം സംസാരിക്കാൻ ഞാൻ സമയം കണ്ടെത്തി. അവൾ സങ്കടങ്ങളും കുഞ്ഞുകുഞ്ഞു സന്തോഷങ്ങളും എന്നോടു പറയാൻ തുടങ്ങി. ആശുപത്രിയിൽ അമ്മയെ കാണാൻ പോയതും അമ്മമ്മയുടെ വീട്ടിൽ പോയപ്പോൾ അമ്മമ്മ പലഹാരമുണ്ടാക്കിക്കൊടുത്തതും അവൾ പറഞ്ഞപ്പോൾ താൽപര്യത്തോടെ ഞാൻ അതുകേട്ടു. പറന്നുകിടക്കുന്ന അവളുടെ മുടി കെട്ടിക്കൊടുക്കാനും ഹോംവർക്കുകൾ സ്കൂളിൽ വെച്ചുതന്നെ ചെയ്യിക്കാനും ഞാൻ ശ്രദ്ധിച്ചു. പതുക്കെ പതുക്കെ അവളിലെ അരക്ഷി

താവസ്ഥയ്ക്ക് മാറ്റം വന്നു. ഒരുനാൾ എന്നോടു ചേർന്നു നിന്നുകൊണ്ട് എന്നെ അമ്മേ എന്ന് വിളിച്ചു". എന്തുകൊണ്ടാണ് ഒരു ടീച്ചറെ ഒരു കുട്ടി 'അമ്മേ' എന്നു വിളിച്ചത്. ഒരു അമ്മയുടെ സ്നേഹം പകർന്നുകിട്ടിയതുകൊണ്ടാണ് ആ കുട്ടി ടീച്ചറിനെ 'അമ്മേ' എന്നു വിളിച്ചത്. ഗായത്രിയുടെ കുടുംബം മറ്റൊരു സ്ഥലത്തേക്കു താമസം മാറ്റിയപ്പോൾ ഗായത്രി സ്കൂളു വിട്ടുപോയിയെങ്കിലും രാജശ്രീ ടീച്ചറും ഗായത്രിയും തമ്മിലുള്ള ആത്മബന്ധത്തിനു ഉലച്ചിലൊന്നും ഉണ്ടായില്ല. ടീച്ചർ ആ അനുഭവക്കുറിപ്പ് അവസാനിപ്പിക്കുന്നതു ഇപ്രകാരമാണ്. "കലോത്സവവേദികളിലും മറ്റു സ്കൂൾ മേളകളിലുമൊക്കെ കുട്ടികളെ പങ്കെടുപ്പിക്കാനെത്തുമ്പോൾ ഗായത്രിയെ പലപ്പോഴും കണ്ടുമുട്ടി. കാണുന്ന മാത്രയിൽ ഓടിവന്നവൾ ചേർന്നു നിൽക്കും വിശേഷങ്ങൾ പറയും. അവൾ വളർന്ന് മിടുക്കിയായിരിക്കുന്നു. പാഠ്യ-പാഠ്യേതര വിഷയങ്ങളിൽ സമ്മാനങ്ങൾ നേടുന്നു. അതറിയുമ്പോൾ ഒരമ്മയുടെ സ്നേഹവാത്സല്യങ്ങൾ എന്നിൽ നിറയുന്നതും ഒപ്പം എന്റെ അദ്ധ്യാപനജീവിതം അൽപമെങ്കിലും സാർത്ഥകമാവുന്നതും ഞാൻ അറിയുന്നു". ജീവിതം എങ്ങനെയാണ് സാർത്ഥകമാവുന്നത് എന്നതിന്റെ സാക്ഷ്യപത്രമാണ് രാജശ്രീ ടീച്ചറുടെ വാക്കുകൾ. ഡോ. വി.പി. ഗംഗാധരൻ നിർദ്ദേശിച്ച തെറാപ്പിയും രാജശ്രീ ടീച്ചറുടെ തെറാപ്പിയും ഒന്നുതന്നെയാണ്.

**വിദ്യാഭ്യാസം ജീവിതത്തിന്റെ സംഗീതം നഷ്ടപ്പെടുത്താനുള്ളതല്ല, സംഗീതം വീണ്ടെടുക്കാനുള്ളതാണ്**

ഇന്നത്തെ കുട്ടികൾ പാഠപുസ്തക ഭാരത്തിന്റെയും ജീവിതദർശനച്യ്യുതിയുടെയും ഭാരം പേറിയാണ് പലപ്പോഴും ജീവിക്കുന്നത്. തിരിച്ചറിവിന്റെ ബോധോദയം പ്രാപിക്കുമ്പോഴാണ് പഠനത്തെയും ജീവിതത്തെയും പുതിയ അനുഭവങ്ങളായി ഹൃദയപൂർവ്വം ഉൾക്കൊള്ളാൻ കഴിയുന്നത്. ഇന്നത്തെ വിദ്യാർത്ഥികളുടെ അവസ്ഥയെക്കുറിച്ച് പി.കെ. പാറക്കടവ് എന്ന കഥാകൃത്ത് എഴുതിയ ഒരു കഥയിൽ ഇപ്രകാരമാണ് പരാമർശിക്കുന്നത്. ആ കഥയുടെ പേര്-'നിങ്ങളുടെ പുന്നാരമോൻ ഇതെല്ലാമാണ്'.

കഥയിങ്ങനെ-

**"രാവിലെ ഒരു ചുമട്ടുതൊഴിലാളി**
എത്ര പുസ്തകമാണവൻ
ചുമന്നുകൊണ്ടു പോകുന്നത്?
എന്നിട്ടും അവനാരും കൂലി കൊടുക്കുന്നില്ല
**ഉച്ചയ്ക്ക് ഒരു തടവുകാരൻ**
എത്ര ജാഗ്രതയോടെയാണ്
ചൂരലുമായൊരാൾ അവന്
കാവൽ നിൽക്കുന്നത്!
എന്നിട്ടും ഇടയ്ക്ക് ഒരു പരോൾ പോലും
അവനു ലഭിക്കുന്നില്ല.

**വൈകുന്നേരം അവനൊരു രോഗി**
അവന്റെ മേലെ എത്ര
സൂക്ഷ്മതയോടെയാണ്
ട്യൂഷൻ മാസ്റ്റർമാർ അറിവുകൾ
കുത്തിവയ്ക്കുന്നത്
അവന്റെ സ്വപ്നങ്ങളിൽ കത്തിവെക്കുന്നത്
ഒരുപാട് പഥ്യങ്ങൾ
മാഞ്ചുവടും മഴവെള്ളവും പാടില്ല.
മുത്തശ്ശിക്കഥയും പഴംപാട്ടുകളും പാടില്ല.
**രാത്രി-**
**ഉറങ്ങുന്നേരം അവനൊരു രാജകുമാരനാകുന്നു**
ഓടിച്ചാടിക്കളിക്കുകയും
തിമർത്താടുകയും ചെയ്യുന്നു.
ആഹ്ലാദത്തിന്റെ കുതിരപ്പുറത്ത്
അവനെത്താത്ത ഇടങ്ങളില്ല.
വീണ്ടും പ്രഭാതമാകുമ്പോൾ
അവന്റെ കഴുത്തിൽ ആരാണ് ആ
സ്വാതന്ത്ര്യത്തിന്റെ കൈ വീണ്ടും വീണ്ടും
മുറുക്കിക്കെട്ടുന്നത്?"

ഇതാണ് ഇന്നത്തെ കുട്ടിയുടെ അവസ്ഥ. ഇത്തരം ശ്വാസംമുട്ടുന്ന അനുഭവങ്ങളിൽ നിന്നും കുട്ടികളെ സമൃദ്ധിയായ ജീവന്റെ അനുഭവത്തിലേക്കു നയിക്കുവാൻ അദ്ധ്യാപകർക്കു കഴിയണം. പ്രവാസികളായിരുന്ന കാലത്ത് യിസ്രായേൽ മക്കൾ അലരിവൃക്ഷങ്ങളിൽ കിന്നരങ്ങൾ തൂക്കിയത് അവരുടെ ജീവിതത്തിന്റെ തന്നെ സംഗീതം നഷ്ടപ്പെട്ടെന്നു അവർക്കു തോന്നിയതുകൊണ്ടാണ്. വിദ്യാഭ്യാസം ജീവിതത്തിന്റെ സംഗീതം നഷ്ടപ്പെടുത്താനുള്ളതല്ല, സംഗീതം വീണ്ടെടുക്കാനുള്ളതാണ്. ഇന്ന് കുട്ടികൾ ജീവിതത്തിന്റെ അലരിവൃക്ഷങ്ങളിൽ പാഠപുസ്തകങ്ങളും ബാഗും കുടയും പേനയും പെൻസിലും ചോറ്റുപാത്രവും ഒക്കെ തൂക്കിയിടുമ്പോൾ അലരികളുടെ കൊമ്പുകൾ തന്നെ ഒടിഞ്ഞു താഴെവീഴുന്ന സ്ഥിതിവിശേഷമാണുള്ളതെങ്കിൽ കുട്ടികൾ ജീവിതത്തിൽ നിന്നും അകന്നുമാറി ഏതോ പ്രവാസലോകത്തിലാണ് എന്നാണ് നാം മനസ്സിലാക്കേണ്ടത്. ഈ കുട്ടിപ്രവാസികളെ സ്വാതന്ത്ര്യത്തിലേക്ക് മടക്കിക്കൊണ്ടുവരികയാണ് അദ്ധ്യാപകധർമ്മം.




# വിമോചനത്തിന്റെ അനുസ്മരണവും ആവിഷ്കാരവും വിശുദ്ധ കുർബ്ബാനയിലൂടെ

**വിശുദ്ധ കുർബ്ബാന വിമോചനത്തിന്റെ അനുസ്മരണയും ആവിഷ്കാരവുമാണ്**



റവ. ഡോ. ജോർജ്ജ് മാത്യു കുറ്റിയിൽ

ക്രിസ്തീയ വിശ്വാസം ബന്ധങ്ങളുടെ വിവരണവും ആവിഷ്കാരവുമാണ്. ദൈവത്തോടും അപരരോടും പ്രകൃതിയോടും ഉള്ള ബന്ധമാണത്. ദൈവം തന്റെ സാദൃശ്യത്തിൽ മനുഷ്യനെ സൃഷ്ടിച്ചുകൊണ്ട് സുദൃഢമായ ഈ ബന്ധം രൂപപ്പെടുത്തി. ഏദൻതോട്ടത്തിൽ അവരെ ആക്കി. അത് ദൈവത്തോടും പ്രകൃതിയോടും അടുത്തുള്ള പറുദീസാ അനുഭവം ആയിരുന്നു. മനുഷ്യന്റെ പാപം മൂലം ഈ ദൈവീക ബന്ധം വിച്ഛേദിക്കപ്പെടുകയും ദൈവസാദൃശ്യം (Image of God) വികൃതമാക്കപ്പെടുകയും ചെയ്തു. ദൈവം തിരിഞ്ഞെടുത്ത ദൈവജനം പിന്നീട് തന്നിൽനിന്ന് അകന്നുപോയപ്പോൾ, കാലസമ്പൂർണ്ണതയിൽ ദൈവം അവിടുത്തെ ഏകജാതനായ പുത്രനെ ലോകത്തിലേക്ക് അയച്ചു. പുത്രനായ യേശുക്രിസ്തുവിന്റെ പീഡാനുഭവവും കുരിശുമരണവും ഉയിർത്തെഴുന്നേൽപ്പും കൊണ്ട് മാനവരാശിയെ പാപത്തിൽനിന്നു വിമോചിപ്പിക്കുകയും മരണത്തിനപ്പുറമായ അനശ്വരജീവനിലേക്ക് നയിക്കുകയും ചെയ്തു. ഈ വലിയ രക്ഷാകരസംഭവം തിരുസഭ ആഘോഷിക്കുകയും ചെയ്യുന്നു. ഈ പഠനത്തിലൂടെ ദൈവികവിമോചനത്തിന്റെ അനുസ്മരണവും ആവിഷ്കാരവും വിശുദ്ധ കുർബ്ബാനയിൽ എങ്ങനെ പ്രതിഫലിപ്പിക്കുന്നു എന്നാണ് ചർച്ച ചെയ്യപ്പെടുന്നത്.

**ബന്ധങ്ങളുടെ ആവിഷ്കാരത്തിന് ദൈവം മുൻകൈ എടുക്കുന്നു**

ഉല്പത്തിപുസ്തകത്തിലെ സൃഷ്ടി വിവരണത്തിലൂടെ ദൈവം മനുഷ്യനെ അവിടുത്തെ സാദൃശ്യത്തിൽ എങ്ങനെ സൃഷ്ടിച്ചു ഈ ലോകത്തിൽ ആക്കിയിരുന്നു എന്നു മനസ്സിലാക്കാം. “അനന്തരം ദൈവം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക... ഇങ്ങനെ ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു, ദൈവത്തിന്റെ സ്വരൂപത്തിൽ അവനെ സൃഷ്ടിച്ചു, ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു, ദൈവം അവരെ അനുഗ്രഹിച്ചു; നിങ്ങൾ സന്താന

പുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞ് അതിനെ അടക്കിവാഴുവിൻ"(ഉല്പ. 1:26–28). അതുല്യമായ ഈ ബന്ധത്തിൽ ദൈവം അവരെ ഏദൻതോട്ടത്തിൽ വേല ചെയ്യുവാനും അതിനെ കാപ്പാനുമായി അവിടെ ആക്കി. കാണ്മാൻ ഭംഗിയുള്ളതും തിന്മാർ നല്ല ഫലമുള്ളതുമായ ഓരോ വൃക്ഷങ്ങളും തോട്ടത്തിന്റെ നടുവിൽ ജീവവൃക്ഷവും നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷവും യഹോവയായ ദൈവം നിലത്തുനിന്നു മുളപ്പിച്ചു (ഉല്പ. 2:8,9). ഏദൻതോട്ടത്തിലെ അനുഭവം, ദൈവവും മനുഷ്യനുമായും മനുഷ്യനും പ്രകൃതിയുമായും എത്രമാത്രം ആഴമായ ബന്ധം പുലർത്തിയിരുന്നു എന്നു വിളിച്ചറിയിക്കുന്നതാണ്. തന്റെ സൃഷ്ടിയായ മനുഷ്യരെ കാണുന്നതിനും അവരോടു സംസാരിക്കുന്നതിനും ദൈവം എല്ലാ ദിവസവും ഏദൻതോട്ടത്തിൽ നടക്കുന്ന പതിവുണ്ടായിരുന്നു (ഉല്പ. 3:89). ദൈവത്തോടുള്ള അനുസരണക്കേടും പാപവും മൂലം മനുഷ്യൻ വിലക്കപ്പെട്ട കനി ഭക്ഷിക്കുകയും ദൈവവുമായുള്ള സുദൃഢമായ ബന്ധം വിച്ഛേദിക്കുകയും ചെയ്തു. പ്രകൃതിയിൽനിന്നും മനുഷ്യൻ അന്യപ്പെട്ടു. തിരുവചനത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "യഹോവയായ ദൈവം മനുഷ്യൻ നന്മതിന്മകളെ അറിവാൻ തക്കവണ്ണം നമ്മിൽ ഒരുത്തനെപ്പോലെ ആയിത്തീർന്നിരിക്കുന്നു. ഇപ്പോൾ അവൻ കൈനീട്ടി ജീവവൃക്ഷത്തിന്റെ ഫലം കൂടെ പറിച്ചു തിന്നു എന്നേക്കും ജീവിപ്പാൻ സംഗതി വരരുത് എന്നു കല്പിച്ചു. അവനെ എടുത്തിരുന്ന നിലത്തു കൃഷി ചെയ്യേണ്ടതിന് യഹോവയായ ദൈവം അവനെ ഏദൻതോട്ടത്തിൽനിന്ന് പുറത്താക്കി. (ഉല്പ. 3:22–23).

**തകർന്ന ബന്ധവും**
**വിമോചനത്തിനായുള്ള ക്രിസ്തുസംഭവവും**

സൃഷ്ടിയുടെ അനുസരണക്കേടിനാൽ പാപം ലോകത്തിൽ പ്രവേശിച്ചു. പിന്നീട് യിസ്രായേൽജനതയെ ഒരു തിരഞ്ഞെടുത്ത ജാതിയായി രൂപപ്പെടുത്തിയപ്പോഴും ജനതകൾക്ക് ഒരു അനുഗ്രഹമായി നിയോഗിച്ചപ്പോഴും ദൈവം അവരോടു കൃപയും കരുണയും കാട്ടിയപ്പോഴും ദൈവത്തോടു അവർ മറുതലിച്ചു. ദൈവം അവരെ തന്നിലേക്ക് അടുപ്പിക്കുന്നതിനും അവിടുത്തെ കല്പനകളെ അനുസരിക്കുന്നതിനുമായി ന്യായാധിപന്മാരെയും പ്രവാചകരെയും പുരോഹിതരെയും രാജാക്കന്മാരെയും അയച്ചു, എങ്കിലും എല്ലാവിധ ബന്ധനങ്ങളിൽനിന്നും പാപങ്ങളിൽനിന്നും തങ്ങളെ വിമോചിപ്പിക്കുന്ന ഒരു മ്ശിഹായുടെ ആഗമനത്തെപ്പറ്റിയുള്ള പ്രവചനവും അവർക്കു നൽകി.

"എന്നാൽ കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ സ്ത്രീയിൽ നിന്നു ജനിച്ചവനായി ന്യായപ്രമാണത്തിൻകീഴ് ജനിച്ചവനായി നിയോഗിച്ചത്, അവൻ ന്യായപ്രമാണത്തിൽ കീഴുള്ളവരെ വിലയ്ക്കു വാങ്ങീട്ടു നാം പുത്രത്വം പ്രാപിക്കേണ്ടതിനു തന്നെ." (ഗലാ. 4:4–5)

**സൃഷ്ടി, വീഴ്ച, വിമോചനം എന്നീ ആശയങ്ങൾ വി. കുർബ്ബാന ശുശ്രൂഷയിൽ**

സഭയുടെ വിശുദ്ധ കുർബ്ബാനയുടെ ആഘോഷം ദൈവീക രക്ഷാപദ്ധതി (വിമോചനം) യുടെ ആഘോഷമാണ്. രക്ഷാകരസംഭവം, രക്ഷണ്യവ്യാപാരം – രക്ഷാചരിത്രം എന്നെല്ലാം ഇവയെ അറിയപ്പെടുന്നുണ്ട്. കുർബ്ബാനക്രമങ്ങളിലെ, പ്രത്യേകിച്ചു പൗരസ്ത്യസഭയുടെ കുർബ്ബാനക്രമങ്ങളെ ക്രമങ്ങളുടെ ഉള്ളടക്കം ദൈവീകരക്ഷാപദ്ധതിയുടെയും വിമോചനത്തിന്റെയും വർണ്ണനകളും വിവരണങ്ങളും ആണ്. ഇവ വേദപുസ്തകത്തിലെയും സഭാപിതാക്കന്മാരുടെ ലിഖിതങ്ങളിലെയും ആദിമസഭയിലെ പഠിപ്പിക്കയുടെയും ആവിഷ്കാരങ്ങളും അനുസ്മരണകളുമാണ്. തുടർന്ന് ഇത്തരത്തിൽ വിമോചനത്തെപ്പറ്റി പരാമർശിച്ചിരിക്കുന്ന കുർബ്ബാനക്രമങ്ങളും വിശകലനമാണ് നാം വിലയിരുത്തുന്നത്. ഇവിടെ നമ്മുടെ വിശകലനം വി. കുർബ്ബാനയിലെ സ്തോത്രപ്രാർത്ഥന, സ്ഥാപനവചനങ്ങളുടെ വിവരണം-അനുസ്മരണം എന്നിവയെപ്പറ്റിയാണ്.

> **"കർത്താവേ, നിന്റെ മരണത്തെ ഞങ്ങൾ ഓർക്കുന്നു. നിന്റെ ഉയിർത്തെഴുന്നേൽപ്പിനെ ഞങ്ങൾ കൊണ്ടാടുന്നു. രണ്ടാമത്തെ നിന്റെ വരവിനായി ഞങ്ങൾ നോക്കിപ്പാർക്കുന്നു" എന്നത് സഭയുടെ വിമോചനത്തിന്റെ അനുസ്മരണവും ആവിഷ്കാരവുമാണ്.**

വിശുദ്ധ യാക്കോബിന്റെ കുർബ്ബാനക്രമ (തക്സ)ത്തിലെ മഹത്വീകരണപ്രാർത്ഥനയ്ക്കു ശേഷം ദൈവീകരക്ഷാപദ്ധതിയുടെ വിശദമായ വിവരണം നൽകിയിരിക്കുന്നത് ഇപ്രകാരമാണ്: "ലോകങ്ങളുടെ രാജാവായുള്ളോവേ, നീ സത്യമായിട്ടു പരിശുദ്ധനും ശുദ്ധീകരിക്കുന്നവനുമാകുന്നു. ഞങ്ങളുടെ കർത്താവ് യേശു മ്ശിഹാ ആയ നിന്റെ പുത്രനും പരിശുദ്ധനാകുന്നു. നിന്റെ പരിശുദ്ധ റൂഹായും പരിശുദ്ധനാകുന്നു. നീ ഭൂമിയിൽനിന്ന് മനുഷ്യനെ സൃഷ്ടിച്ച് പറുദീസായിൽ ആക്കി. അവൻ നിന്റെ കല്പന ലംഘിച്ചിട്ടും, വഴി തെറ്റിയവനായി അവനെ വിട്ടുകളയാതെ നിബ്യൻമാർ മുഖാന്തിരം അവനെ നീ നടത്തി. അവസാനത്തിൽ നിന്റെ ഏകപുത്രനെയും ലോക

ത്തിലേക്കു നീ അയച്ചു. അവൻ പരിശുദ്ധറൂഹായാൽ കന്യകമറിയാമിൽ നിന്ന് ജഡം ധരിച്ച് പഴയ മനുഷ്യനുമായി ബന്ധം സ്ഥാപിക്കുന്നതിന് മുൻകൈ എടുക്കുന്നവനും അവനെ ഏദൻതോട്ടത്തിൽ ആക്കുന്നവനും, മനുഷ്യന്റെ പാപത്തിലും വീഴ്ചയിലും അവനെ കൈവിട്ടുകളയാതെ തന്റെ ഏകജാതനായ പുത്രനെ കുരിശിൽ മരിക്കുവാൻ അയയ്ക്കുന്നവനും അതിലൂടെ മനുഷ്യവർഗ്ഗത്തെ നാശത്തിൽനിന്നും വിമോചിപ്പിക്കുന്നവനുമായ ദൈവത്തെയാണ് ഈ പ്രാർത്ഥനയിൽ വിവരിച്ചിരിക്കുന്നത്. ഈ ലോകത്തിനപ്പുറമായ ശാശ്വതജീവന്റെ അനുഭവത്തിലേക്ക് മനുഷ്യനെ ഒരുക്കുന്ന വിമോചനപ്രവർത്തനമാണ് ദൈവീകരക്ഷാപദ്ധതി എന്നു കാണാം.

ഇതിനു സമാനമായ മറ്റൊരു പ്രാർത്ഥന ഗ്രീക്കുബൈസന്റിയൻ കുർബ്ബാനക്രമമായ വിശുദ്ധ ബസേലിയോസിന്റെ ക്രമത്തിലും കാണാവുന്നതാണ്. ഇതിന്റെ ആദ്യഭാഗം രക്ഷണ്യപ്രവർത്തനത്തിന്റെ വിവരണവും രണ്ടാംഭാഗം ദൈവത്തിന്റെ വീണ്ടെടുപ്പിന്റെയും വിമോചനത്തിന്റെയും വർണ്ണനകളുമാണ്. കർത്താവായ യേശുക്രിസ്തുവിന്റെ കുരിശുമരണത്തിലൂടെയും ഉയിർത്തെഴുന്നേൽപ്പിലൂടെയും സാദ്ധ്യമായ വിമോചന പ്രക്രിയയുടെ അനുസ്മരണമാണ് രണ്ടാംഭാഗത്തെ പ്രാർത്ഥനകൾ. വിശുദ്ധ കുർബ്ബാനയുടെ സ്ഥാപനവർണ്ണനയിലും (Institution Narrative) വിമോചനത്തിന്റെ വർണ്ണനകൾ ആവിഷ്കരിച്ചിരിക്കുന്നത് ഇപ്രകാരമാണ്. പാപമില്ലാത്തവൻ പാപികളായ നമുക്കുവേണ്ടി മനസ്സോടെ മരണം സഹിപ്പാൻ ഒരുങ്ങിയപ്പോൾ തന്റെ തൃക്കൈയിൽ അപ്പം എടുത്തു... സ്തോത്രം ചെയ്തു... വാഴ്ത്തി ശുദ്ധീകരിച്ചു... അപ്രകാരം തന്നെ കാസായേയും അവൻ എടുത്തു... സ്തോത്രം ചെയ്തു... ഇത് അനേകർക്കുവേണ്ടി പാപമോചനത്തിനായി ചൊരിയുന്ന പുതിയനിയമത്തിലുള്ള എന്റെ രക്തം ആകുന്നു." – ഇവിടെയെല്ലാം നാം മനസ്സിലാക്കുന്നത് വിശുദ്ധ കുർബ്ബാന വിമോചനത്തിന്റെ അനുസ്മരണയും ആവിഷ്കാരവുമാണ് എന്നതാണ്.

അപ്പോസ്തലികസഭയിൽ വി. കുർബ്ബാന ദൈവത്തോടുള്ള നന്ദി കരേറ്റലും ദൈവത്തിന്റെ കരുണയ്ക്കായുള്ള സ്തോത്രാപ്പണവും ആണ്. ഈ സ്തോത്രപ്രാർത്ഥനയിൽ ദൈവത്തിന്റെ രക്ഷണ്യപ്രവർത്തനം മൂലം ഈ സ്തോത്രപ്രാർത്ഥന ഞങ്ങൾ അണയ്ക്കുന്നു എന്നാണ് പറയുന്നത്.

രക്ഷയുടെ ഭാവിയോന്മുഖ വിവരണം

കർത്താവായ യേശുക്രിസ്തുവിലൂടെ സാദ്ധ്യമായ വീണ്ടെടുപ്പ് ഒരു വർത്തമാന യാഥാർത്ഥ്യമാണ്. എന്തിന് അതിന് ഒരു ഭാവിയോന്മുഖതലം ഉണ്ട്. സൃഷ്ടി വീണ്ടെടുപ്പിനായി നെടുവീർപ്പിടുന്ന ചരിത്രത്തിന്റെ പൂർത്തീകരണവും യുഗാന്ത്യത്തിലുള്ള രക്ഷയുടെ പൂർത്തീകരണവും സഭയുടെ ആരാധനക്രമങ്ങളിൽ പ്രത്യേകിച്ച് വി. കുർബ്ബാനയിലെ രക്ഷാകര സംഭവങ്ങളുടെ അനുസ്മരണം (Invocation of the Holy Spirit) വിവരിക്കുന്ന പ്രാർത്ഥനകളിൽ ശക്തീകരിച്ചു പറഞ്ഞിട്ടുണ്ട്. "കർത്താവേ, നിന്റെ മരണത്തെ ഞങ്ങൾ ഓർക്കുന്നു. നിന്റെ ഉയിർത്തെഴുന്നേൽപ്പിനെ ഞങ്ങൾ കൊണ്ടാടുന്നു. രണ്ടാമത്തെ നിന്റെ വരവിനായി ഞങ്ങൾ നോക്കിപ്പാർക്കുന്നു" എന്നത് സഭയുടെ വിമോചനത്തിന്റെ അനുസ്മരണവും ആവിഷ്കാരവുമാണ്. രക്ഷാചരിത്രത്തിന്റെ ഭൂതവും വർത്തമാനകാലവും ഭാവിയും ഒരുമിച്ചു ചേരുന്ന ദിവ്യനിമിഷങ്ങളാണ് കുർബ്ബാനയിലെ അനുസ്മരണ പ്രാർത്ഥന (Anamnesis). കുർബ്ബാനാമദ്ധ്യേ പരിശുദ്ധാത്മാവിന്റെ ആവാസത്തിനായുള്ള പ്രാർത്ഥനയിലും (Invocation of the Holy Spirit) തുടർന്നുള്ള പ്രാർത്ഥനയിലും വിമോചനത്തിന്റെ അനന്തരഫലവും പരിശുദ്ധാത്മാവിലുള്ള ജീവിതവും വിശ്വാസികളിൽ ഉളവാകുന്നതിനായി പ്രാർത്ഥിക്കുന്നുണ്ട്. ഏദനിലെ പാപം മൂലം ദൈവതേജസ്സ് വികലമാക്കപ്പെട്ട മനുഷ്യവർഗ്ഗത്തിന് കർത്താവായ യേശുക്രിസ്തുവിന്റെ കുരിശുമരണത്തിലൂടെയും ഉയിർപ്പിലൂടെയും പുതുജീവനും ഫലദായകമായ അനുഭവവും ദൈവരാജ്യദർശനവും ലഭിക്കുന്നു.

**ഉപസംഹാരം**

ദൈവത്തിന്റെ വിമോചനപ്രക്രിയയിൽ വിവിധതരത്തിലുള്ള സമീപനം സ്വീകരിക്കുകയും ആത്യന്തികമായി കർത്താവായ യേശുക്രിസ്തുവിന്റെ പീഡാനുഭവത്തിലൂടെയും കുരിശുമരണത്തിലൂടെയും ഉയിർപ്പിലുംകൂടി പുതുജീവനും വീണ്ടെടുപ്പും ദൈവജനത്തിനു ലഭ്യമാകുകയും ചെയ്തു. ഈ വിമോചനസന്ദേശം നിരന്തരമായി വിശ്വാസസമൂഹത്തെ അനുസ്മരിപ്പിക്കുകയും അവരുടെ ജീവിതത്തിൽ ആവിഷ്കരിക്കുകയും ചെയ്യുന്നത് ഇന്ന് തിരുസഭയുടെ വി. കുർബ്ബാനയുടെ ആഘോഷത്തിലൂടെയും അനുസ്മരണത്തിലൂടെയും ആണ്. ഇത് കർത്താവിന്റെ രണ്ടാമത്തെ വരവുവരെയും ആഘോഷിക്കുകയും അനുസ്മരിക്കുകയും ആവിഷ്കരിക്കുകയും ചെയ്യേണ്ടത്. കുർബ്ബാനയിലുള്ള പങ്കാളിത്വം, വിശുദ്ധ ജീവിതത്തിലേക്കും ദൈവരക്ഷയിലേക്കും വളർന്നുവരുവാൻ നമുക്ക് സഹായകരമാണ്. അങ്ങനെ ഒരു പ്രത്യാശാസമൂഹമായി നിലനിന്നു ഫലംപുറപ്പെടുവിക്കുവാൻ നമുക്ക് ഇടയാകട്ടെയെന്ന് ആശംസിക്കുന്നു. പ്രാർത്ഥിക്കുന്നു.

ചരിത്രത്തിലൂടെ...

# പത്തൊൻപതാം മാർത്തോമ്മാ

## സഭയുടെ ദൗത്യം സുവിശേഷത്തിന്റെ കാലോചിതമായ അവിഷ്കരണം

### ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ



മാർത്തോമ്മാ സഭയുടെ പൈതൃകത്തെ ആധുനിക സുവിശേഷദർശനവുമായി സമന്വയിപ്പിച്ച ഊർജ്ജസ്വലനും, കർമ്മനിരതനുമായ ഡോക്ടർ അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ 1913 ഏപ്രിൽ 10-ാം തീയതി കുറിയന്നൂർ മാളിയേക്കൽ എം.സി. ജോർജ്ജ് കശ്ശീശായുടെയും മാരാമൺ ആഞ്ഞിലിവേലിൽ കുടുംബാംഗമായ ഏലിയാമ്മയുടെയും മകനായി ജനിച്ചു.

ഉത്തമനും വിശ്വസ്തനുമായ കർത്തൃദാസൻ എന്നു പ്രഖ്യാതനായ പ്രിയ പിതാവ് ദിവംഗതനായപ്പോൾ തിരുമേനിക്കു പത്ത് വയസ്സ് മാത്രം. ദൈവഭക്തയായ മാതാവിന്റെ സംരക്ഷണയിൽ സ്കൂൾ-കോളേജ് ജീവിതം വിവിധ സ്ഥലങ്ങളിലായി പൂർത്തീകരിച്ചു. എം.ജി. ചാണ്ടി എന്ന നാമധേയത്തിൽ അറിയപ്പെട്ട തിരുമേനി കോട്ടയം സി.എം.എസ്. ഹൈസ്കൂളിൽ അദ്ധ്യാപകനായി ഔദ്യോഗികജീവിതം ആരംഭിച്ചു.

ദൈവവിളി ഉൾക്കൊണ്ട് ബാംഗ്ലൂർ യുണൈറ്റഡ് തിയോളജിക്കൽ കോളേജിൽ നിന്നും ബി.ഡി. പഠനം പൂർത്തീകരിച്ച് 1945 ജൂൺ 7-ാം തീയതി കശ്ശീശാപട്ടവും സ്വീകരിച്ചു. ഹാർട്ട്ഫോർട്ട്ഡ് സെമിനാരിയിൽ ഭഗവത്ഗീതയിലെ വിശ്വരൂപദർശനം എന്ന വിഷയം ആസ്പദമാക്കി തയ്യാറാക്കിയ ഗവേഷണപ്രബന്ധത്തിന് റവ. എം.ജി. ചാണ്ടിക്ക് ഡോക്ടറേറ്റ് ബിരുദം ലഭിച്ചു.

1953 മെയ് 20-ാം തീയതി റമ്പാനായും 23-ാം തീയതി അലക്സാണ്ടർ മാർ തെയോഫിലോസ് എന്ന നാമധേയത്തിൽ മെത്രാനായും അഭിഷിക്തനായി. 1976 ഒക്ടോബർ 26-ാം തീയതി മാർത്തോമ്മാ സഭയുടെ പരമാദ്ധ്യക്ഷനായി അവരോധിക്കപ്പെട്ടു. 1999 ഒക്ടോബർ 23-ാം തീയതി അപൂർവ്വമായ ഒരു ചരിത്രമുഹൂർത്തത്തിനുകൂടി താൻ സാക്ഷ്യം വഹിച്ചുകൊണ്ട് തന്റെ പിൻഗാമിയായി ഫിലിപ്പോസ് മാർ ക്രിസോസ്റ്റം തിരുമേനിയെ മാർത്തോമ്മാ മെത്രാപ്പോലീത്തയായി സ്ഥാനാരോഹണം ചെയ്തു. നമ്മുടെ സഭയിൽ ആദ്യമായിട്ടാണ് ഒരു മെത്രാപ്പോലീത്താ ജീവിച്ചിരിക്കുമ്പോൾ സ്വമനസ്സാലെ പിൻഗാമിയെ ഭരണച്ചുമതല ഏൽപ്പിച്ച് പുതിയ മെത്രാപ്പോലീത്തായുടെ സ്ഥാനാരോഹണം നിർവ്വഹിക്കുന്നത്. തന്റെ പിൻഗാമിയെ വാഴിച്ചതോടൊപ്പം സഭാഭരണഘടനയനുസരിച്ച് വലിയ മെത്രാപ്പോലീത്താ എന്ന പദവിയിലേക്ക് പ്രവേശിക്കുകയും ചെയ്തു.

2000 ജനുവരി 11-ാം തീയതി സുദീർഘമായ തന്റെ ജീവിതത്തിനു തിരശ്ശീല വീണു.

സുദീർഘമായ 87 വർഷം ഒരു ദൈവദൂതനെപ്പോലെ ഇടയശുശ്രൂഷയിലൂടെ സഭയെ നയിച്ച അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ ജീവിതം ദീപ്തമായിരുന്നു.

മാർത്തോമ്മാ സഭയുടെ തനിമയിലേക്ക് ആഴ്ന്നിറങ്ങുമ്പോൾ സഹായകരമായ തിരുമേനിയുടെ പ്രബോധനങ്ങളും ജീവിതശൈലിയും ആഢംബരഭ്രമവും ഉപഭോഗസംസ്കാരവും വർദ്ധിച്ചുവരുന്ന വർത്തമാനകാല തലമുറയ്ക്ക് ഒരു വെല്ലുവിളിയാണ്. ലളിതമായ ജീവിതശൈലിയും ഉന്നതമായ ദർശനവും സമ്മേളിക്കുന്ന തിരുമേനിയുടെ നേതൃത്വം സഭയ്ക്കും സമൂഹത്തിനും അനുഗ്രഹമായിരുന്നു. ഭാരതത്തിന്റെ ഗ്രാമങ്ങളിൽ സുവിശേഷമറിയിക്കുവാൻ വേണ്ടി മാർത്തോമ്മാ സഭ വിളിക്കപ്പെട്ടിരിക്കുന്നു എന്നു തിരുമേനി ആവർത്തിച്ചു അനുസ്മരിപ്പിച്ചിരുന്നു. അഭിവന്ദ്യ തിരുമേനിയുടെ അനുഭവവും അനുസ്മരണവും നമ്മുടെയും ആവിഷ്കാരമായിത്തീരട്ടെ.

# COLOUR PAGES

# COLOUR PAGES

# COLOUR PAGES

# COLOUR PAGES




# കുട്ടി അറിയാൻ... അമ്മ അറിയാൻ...

ശ്രീ. തോമസ് ജോർജ്ജ് കൊട്ടയ്ക്കാട്
(പ്രിൻസിപ്പാൾ, ഗവ. ഹയർ സെക്കന്ററി സ്കൂൾ, തുമ്പമൺ)

**ജൂ**ൺമാസം 1-ാം തീയതി വിദ്യാലയങ്ങൾ തുറന്ന് പുത്തൻ പ്രതീക്ഷകളുമായി കലാലയങ്ങളിലേക്ക് പോകുന്ന ഏവർക്കും ആശംസകൾ. വിദ്യാഭ്യാസംകൊണ്ട് ഉദ്ദേശിക്കുന്നത് പഠിതാവിന്റെ സമഗ്രമായ വികാസമാണ്. അതിൽ ശാരീകവും മാനസികവും ആത്മീയവുമായ പുരോഗതി ഉൾപ്പെടുന്നു. പുതിയ മാറ്റങ്ങൾ ഉൾക്കൊള്ളുവാൻ വിദ്യാർത്ഥികളും അദ്ധ്യാപകരും രക്ഷിതാക്കളും ബാദ്ധ്യസ്ഥരാണ്.

കാര്യങ്ങൾ സമഗ്രമായി അപഗ്രഥിച്ചു സ്വയം മനസ്സിലാക്കുന്നവനാണ് വിദ്യാർത്ഥി. ഇവിടെ അദ്ധ്യാപകൻ കാലാകാലങ്ങളിൽ ആവശ്യമായ ദിശാബോധം നൽകുന്നു. പുതിയ പാഠ്യപദ്ധതിയെ “Activity Oriented Curriculam” എന്നാണ് അറിയപ്പെടുന്നത്. പഠിതാവ് ഓരോ ആശയങ്ങളും പ്രവർത്തനങ്ങളിൽക്കൂടി മനസ്സിലാക്കണം. ക്ലാസ്റൂം എപ്പോഴും പ്രവർത്തനനിരതമാണ്. അദ്ധ്യാപകർ ഒരു fecilitator ആയി നിലകൊള്ളുന്നു. പ്രവർത്തനത്തിലൂടെ ലഭ്യമാകുന്ന അറിവ് ഒരിക്കലും മാഞ്ഞുപോകുന്നില്ല.

> **കാര്യങ്ങൾ സമഗ്രമായി അപഗ്രഥിച്ചു സ്വയം മനസ്സിലാക്കുന്നവനാണ് വിദ്യാർത്ഥി. ഒരു വിദ്യാർത്ഥിയുടെ ജീവിതത്തിൽ അദ്ധ്യാപകരോടൊപ്പം തന്നെ മുഖ്യപങ്ക് വഹിക്കുന്നവരാണ് മാതാപിതാക്കൾ**

ഉദാ: ഒന്നാമത്തെ ബെഞ്ചിൽ ഇരിക്കുന്ന കുട്ടിയുടെ കയ്യിൽ ഒരു പേന കൊടുക്കുന്നു. അത് അവസാന ബഞ്ചിൽ ഇരിക്കുന്ന കുട്ടിയുടെ കൈയിൽ എത്തിക്കാൻ ആവശ്യപ്പെടുന്നു. കുട്ടി അല്പനേരം ആലോചിച്ചതിനുശേഷം ആ പേന അടുത്ത കുട്ടിയുടെ കയ്യിൽ കൊടുക്കുന്നു. ഇങ്ങനെ കൈമാറ്റം ചെയ്ത് ആ പേന അവസാന കുട്ടിയുടെ കൈയ്യിൽ എത്തുന്നു. അതും അവരവരുടെ സ്ഥലത്തുനിന്ന് എഴുന്നേറ്റു മാറുന്നില്ല. ഇതുപോലെയാണ് ഒരു ഇരുമ്പുകമ്പിയുടെ ഒരഗ്രം ചൂടാക്കിയാൽ താപം മറ്റേ അറ്റത്തേക്കു പ്രേക്ഷണം ചെയ്യുന്നത് എന്ന് അദ്ധ്യാപകൻ പറയുമ്പോൾ കുട്ടി താപപ്രേക്ഷണത്തെപ്പറ്റി [Conduction] നന്നായി മനസ്സിലാക്കണം.

ഇത്തരത്തിലുള്ള പഠനപ്രക്രിയയ്ക്ക് കുട്ടികൾക്ക് അടിസ്ഥാനപരിമായി ചില സവിശേഷതകൾ ഉണ്ടായിരിക്കണം.

**He/she mus tbe punctual.** ഇവിടെ punctual എന്ന വാക്കുകൊണ്ട് വിവക്ഷിക്കുന്നത് ‘Time bounded Activity’ എന്നാണ്. ഏതുകാര്യവും സമയബന്ധിതമായി ചെയ്തുതീർക്കണം. സമയം ജീവിതത്തിന്റെ ഒരു

പ്രധാന ഘടകമായി കരുതണം. അല്പം ലളിതമായി പറഞ്ഞാൽ ചെയ്യേണ്ട ജോലി ചെയ്യേണ്ട സമയത്ത് കൃത്യമായി ചെയ്തുതീർക്കണം. അങ്ങനെയുള്ള കുട്ടിക്ക് Project, Seminar, Assignment തുടങ്ങിയ Activities- ന് ഫുൾ സ്കോർ ലഭിക്കാൻ പ്രയാസം വരില്ല.

**He/she should be systamatic.** Systematic എന്ന പദംകൊണ്ട് അർത്ഥമാക്കുന്നത് 'Order of events' എന്നാണ്. ഓരോ പ്രവർത്തിയും ചെയ്യുന്നത് ആവശ്യകതയുടെയും പ്രാധാന്യത്തിന്റെയും അടിസ്ഥാനത്തിലായിരിക്കണം. പിറ്റേദിവസത്തേക്ക് വേണ്ടുന്ന കാര്യങ്ങൾ രാവിലെ ഫസ്റ്റ് പീരിയഡിന് ആവശ്യമുള്ളത്, ലാസ്റ്റ് പീരിയഡിന് ആവശ്യമുള്ളത് ഇവയൊക്കെ തരംതിരിച്ച് ക്രമാനുഗതമായി ചെയ്യണം.

ഉദാഹരണമായി: സ്കൂൾ പ്രയർ ടീമിലുള്ള കുട്ടികൾ അതിനുവേണ്ട കാര്യങ്ങളാണ് രാവിലെ സ്കൂളിൽ ചെന്നാലുടൻ ആദ്യം ചെയ്യേണ്ടത്. ഇങ്ങനെ എല്ലാ കാര്യങ്ങളും കൃത്യമായി ചെയ്യുന്നവരെ ഒരുപക്ഷേ "Scientific Students" എന്നറിയപ്പെടുന്നതിൽ അതിശയോക്തിയില്ല.

**He/she should be regular.** Regular എന്ന പദത്തിന്റെ ഇവിടുത്തെ പ്രയോഗം "Periodic" എന്നാണ്. Repeats in a regular interval of time. എല്ലാ ദിവസവും പാഠങ്ങൾ പഠിക്കുക, എല്ലാ ദിവസവും പത്രം വായിക്കുക, എല്ലാ ദിവസവും നിശ്ചിതസമയം ഈശ്വരധ്യാനത്തിനുവേണ്ടി ഉപയോഗിക്കുക. ഇതെല്ലാം ഈ ഗണത്തിൽപ്പെടുന്നു.

ആയതിനാൽ P,S,R, ഉള്ള കുട്ടിയായി തീരാൻ ഇടയാകട്ടെയെന്നു പുതുവർഷത്തിൽ ആശംസിക്കുന്നു.

ഒരു വിദ്യാർത്ഥിയുടെ ജീവിതത്തിൽ അദ്ധ്യാപകരോടൊപ്പം തന്നെ മുഖ്യപങ്ക് വഹിക്കുന്നവരാണ് മാതാപിതാക്കൾ. മാതാപിതാക്കളുടെ ഓരോ ചലനവും കുട്ടിയുടെ മാനസികവും ശാരീരികവും ആത്മീയവുമായ പുരോഗതിയെ ധാരാളമായി സ്വാധീനിക്കുന്നു. ഇപ്പോൾ പുതിയ പാഠ്യപദ്ധതിപ്രകാരം സ്കൂൾ തുറന്നുകഴിയുമ്പോൾ മാതാപിതാക്കളെയും ബോധവൽക്കരിക്കുന്ന ചടങ്ങുകൾ നടക്കുന്നു. എന്താണ് ഇതിന്റെ ആവശ്യം എന്ന് ചിലർക്കെങ്കിലും തോന്നാറുണ്ട്. തീർച്ചയായും തക്ക ബോധവൽക്കരണം ലഭിച്ച മാതാപിതാക്കൾ കുട്ടികൾക്ക് മുതൽക്കൂട്ടാണ് എന്നുള്ളതിൽ സംശയമില്ല.

**പ്രിയപ്പെട്ട അമ്മ/അച്ചൻമാരെ,**

**Do not Criticize your children**

വിമർശനം അതിരുകടന്നാൽ കുട്ടികളുടെ പല സർഗ്ഗവാസനകളും നഷ്ടപ്പെടും എന്നുള്ള ബോധം മാതാപിതാക്കൾക്ക് ഉണ്ടായിരിക്കുക. വിമർശനങ്ങളെ പോസിറ്റീവ് ആയി എടുക്കുവാനുള്ള കഴിവ് ആദ്യഘട്ടങ്ങളിൽ കുട്ടികൾക്ക് ഉണ്ടായിരിക്കുകയില്ല എന്ന് മനസ്സിലാക്കുക.

**Do not Condemn**

കുട്ടികളെ ചെയ്യാത്ത കുറ്റത്തിനുപോലും കുറ്റവാളിയായി പ്രഖ്യാപിക്കുന്ന ധാരാളം മാതാപിതാക്കളുണ്ട്. ഇത് പിഞ്ചുമനസ്സുകളെ മുറിവേൽപ്പിക്കും. "നീ തോറ്റുപോകും", "നീ നന്നാകില്ല", "എല്ലാ പ്രശ്നത്തിനും നീയാണ് കാരണം" എന്ന സ്ഥിരം പല്ലവികൾ മാതാപിതാക്കൾ ഉപേക്ഷിക്കുന്നതും കുട്ടിയുടെ സമഗ്രവികാസത്തിന് ആവശ്യമാണ്.

**Do not Complain**

പരാതി ഇല്ലാത്തവർ ചുരുക്കം. എന്നാൽ എല്ലാത്തിനും പരാതിയായി നടക്കുന്ന മാതാപിതാക്കൾ ശ്രദ്ധിക്കണം. പരാതികൾ കേട്ടു വളരുന്ന കുട്ടികൾ "പരാതിപ്പെട്ടികൾ" ആയിത്തീരും എന്നതിനു സംശയമില്ല. മറ്റുള്ളവരുമായി താരതമ്യം ചെയ്യുന്നതാണ് ധാരാളം പരാതികൾ ഉണ്ടാകുവാൻ കാരണം. ആയതിനാൽ കുട്ടികളെ തമ്മിൽ താരതമ്യം ചെയ്യുന്ന രീതി നൽത്തലാക്കുന്നതും വളരെ അത്യാവശ്യമാണ്.

അങ്ങനെ അധ്വാനവും, വിനോദവും, ധ്യാനവും ചേർന്ന ഗുണമേന്മയുള്ള വിദ്യാർത്ഥിനി -വിദ്യാർത്ഥികളും, സാമൂഹിക പ്രതിബദ്ധതയുള്ള പുതിയ തലമുറയും ഉണ്ടാകട്ടെ.





റവ. റെജി യോഹന്നാൻ
ഡി– അഡിക്ഷൻ മിനിസ്ട്രി
അടൂർ ഭദ്രാസനം

മദ്യം, മയക്കുമരുന്ന്, പുകയില, പാൻമസാല ആദിയായ ലഹരിവസ്തുക്കളുടെ ദുരുപയോഗം കൊണ്ട് ജീവിതം തകരുന്നവരുടെ എണ്ണം അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ലഹരി ആസക്തി എന്നത് ഒരു രോഗമാണെന്ന് 1956-ൽ ലോകാരോഗ്യ സംഘടന (WHO) പ്രഖ്യാപിച്ചു. എന്നാൽ സാധാരണഗതിയിൽ സമൂഹവും, ലഹരിക്കടിമപ്പെട്ടവർപോലും ഇത് രോഗമാണ് എന്ന് അംഗീകരിക്കാറില്ല. അഹങ്കാരംകൊണ്ട്, പേടിക്കുവാൻ ആരുമില്ലാത്തതുകൊണ്ട്, പണം ഒരുപാടുള്ളതുകൊണ്ടുമൊക്കെയാണ് ഇങ്ങനെ ലഹരിയെടുത്ത് നടക്കുന്നതെന്ന് പലരും കുറ്റപ്പെടുത്താറുണ്ട്. ലഹരിയുടെ ഉപയോഗം തുടങ്ങുന്നത് പലപ്പോഴും ഒരു രസത്തിന്, ഒരു കമ്പനിക്കുവേണ്ടി, ഒന്നു പരീക്ഷിച്ചുനോക്കുന്നതിനുവേണ്ടി ഒക്കെയാണ്. എന്നാൽ കാലക്രമേണ നിയന്ത്രിക്കുവാൻ സാധിക്കാത്ത അവസ്ഥയിലേക്ക് എത്തിച്ചേരുന്നു. ലഹരിയുടെ ഉപയോഗം തനിക്ക് നിയന്ത്രിക്കുവാൻ സാധിക്കും എന്ന അമിതമായ ആത്മവിശ്വാസം വീണ്ടും വീണ്ടും ലഹരി ഉപയോഗിക്കുവാൻ പ്രേരിപ്പിക്കുന്നു.

നമ്മുടെ സമൂഹത്തിൽ ഏകദേശം 80% പേർ നിയന്ത്രിച്ച് മദ്യപിക്കുന്നവരാണ്. അവരെ സോഷ്യൽ ഡ്രിംഗേഴ്സ് എന്ന് പറയുന്നു. എന്നാൽ 20% പേർ നിയന്ത്രണം വിട്ട് മദ്യപിക്കുന്നവർ ആണ്. കുടിക്കുമ്പോൾ കുപ്പി തീരണം, വയറു നിറയണം അതാണ് കണക്ക്. ഈ 80% ത്തിൽനിന്നാണ് കാലക്രമേണ 20%ത്തിലേക്ക് എത്തുന്നത്. ഓരോരുത്തരുടെയും ശരീരഘടനയും മാനസികനിലയും അനുസരിച്ച് 80-ൽനിന്ന് 20-ലേക്കുള്ള ദൂരം വ്യത്യാസപ്പെട്ട് ഇരിക്കുന്നു. ചിലർ മരണം വരെ 80% ത്തിൽ തുടരുന്നു. എന്നാൽ ചിലരെ സംബന്ധിച്ചിടത്തോളം ആദ്യത്തെ 'ഡോസ്' തന്നെ അവനെ ലഹരിയുടെ അടിമത്വത്തിലേക്ക് നയിക്കുന്നു.

ചികിത്സാകേന്ദ്രത്തിൽ വരുന്നവർ എല്ലാവരും തന്നെ ഒരുപോലെ പറയുന്ന ഒന്നുണ്ട്, ഞങ്ങൾക്ക് മദ്യപാനം നിർത്തണമെന്ന് ആഗ്രഹമുണ്ട്, പക്ഷെ സാധിക്കുന്നില്ല. ഒരു കുഴിയിൽ വീണുകിടക്കുന്ന അവസ്ഥയാണ്. കയറിവരുമ്പോൾ കൈ വഴുതി വീണ്ടും കുഴിയിലേക്കുതന്നെ വീഴുന്നു. രോഗാവസ്ഥയിൽ ഇരിക്കുന്ന വ്യക്തി തന്റെ ഭാര്യയോടും മക്കളോടും 'ഇന്ന് കുടിക്കില്ല' എന്ന് പറയുന്നത് തികച്ചും ആത്മാർത്ഥമായിട്ടാണ്. പക്ഷെ തിരികെ വരുമ്പോൾ കുടിച്ചിട്ട് വരുന്നു. മദ്യക്കുപ്പി കാണുമ്പോൾ, മദ്യത്തിന്റെ മണം അടിക്കുമ്പോൾ, ബാറ് കാണുമ്പോൾ വായിൽ വെള്ളം വരുന്നു. വീണ്ടും കുടിക്കുന്നു. അങ്ങനെ സ്വയം വിശ്വാസം നഷ്ടപ്പെട്ട അവസ്ഥയിലേക്ക് ആ വ്യക്തി മാറുന്നു.

**ചിലരെ സംബന്ധിച്ചിടത്തോളം ആദ്യത്തെ 'ഡോസ്' തന്നെ അവനെ ലഹരിയുടെ അടിമത്വത്തിലേക്ക് നയിക്കുന്നു**



മദ്യം പോലെ തന്നെ മയക്കുമരുന്നുകളും പല രൂപത്തിലും പേരുകളിലും കാണപ്പെടുന്നു. കഞ്ചാവും അതിൽനിന്നുണ്ടാകുന്ന ഹഷിഷ്, കറുപ്പും അതിന്റെ ഉപോൽപ്പന്നങ്ങളായ ഹെറോയിൻ, ബ്രൗൺ ഷുഗർ ഇവയെല്ലാം തന്നെ ശക്തമായ ആസക്തി ഉണ്ടാക്കുന്നതാണ്. മയക്കുമരുന്നുകളുടെ ഉപയോഗം എച്ച്.ഐ.വി.യുമായി വളരെ അടുത്ത ബന്ധമുണ്ട്. മയക്കുമരുന്ന് കുത്തിവയ്ക്കുവാനുപയോഗിക്കുന്ന സൂചി കൈമാറി ഉപയോഗിക്കുന്നതുവഴി എയ്ഡ്സ് പകരാനുള്ള സാദ്ധ്യതയ്ക്ക് ആക്കം കൂട്ടുന്നു.

മദ്യവും മയക്കുവരുന്നും ലഹരിവസ്തുക്കളാണെന്നും അവയുടെ ഉപയോഗം അപകടത്തിൽ നയിക്കുന്നവയാണെന്നം മിക്കവർക്കും അറിയാം. എന്നാൽ പാൻമസാലയുടെ ഉപയോഗം എത്രമാത്രം അപകടകരമാണെന്ന് പലരും മനസ്സിലാക്കുന്നില്ല. പുകയിലയും, അടയ്ക്കയും ചുണ്ണാമ്പും പൊട്ടിച്ച് ചില ലഹരിവസ്തുക്കളും, നിറങ്ങളും ചേർത്ത് മിശ്രിതമാക്കിയ മയക്കുമരുന്നാണ് പാൻമസാല. ഇതിന്റെ ഉപഭോക്താക്കളിൽ ബഹുഭൂരിപക്ഷവും സാധാരണക്കാരും കുട്ടികളുമാണ്. ക്രമേണ അവരും ലഹരിയുടെ മായാവലയത്തിൽ എത്തുന്നു എന്നത് വളരെ ദുഃഖകരമായ സത്യമാണ്.

ലഹരിവസ്തുക്കളുടെ അമിതമായിട്ടുള്ള ഉപയോഗം ഒരു വ്യക്തിയെ വിഷാദരോഗാവസ്ഥയിലേക്ക് എത്തിക്കുന്നു. ആത്മഹത്യാപ്രവണത ഇത്തരക്കാരിൽ കൂടുതലായി കണ്ടുവരുന്നു. മനോരോഗ ചികിത്സ ഇവർ അത്യാവശ്യമായി നേടേണ്ടതാണ്. ഒരു മനുഷ്യനെ ശാരീരികമായും മാനസികമായും ആത്മീയമായും സാമൂഹികമായും തകർക്കുന്ന രോഗമാണ് ലഹരി ആസക്തി. ഇത് ഒരു കുടുംബരോഗം കൂടിയാണ്. ഭർത്താവിന് ലഹരിയുടെ മേൽ നിയന്ത്രണം നഷ്ടപ്പെടുന്നതു പോലെ ഭാര്യയ്ക്ക് ഭർത്താവിനോടുള്ള പെരുമാറ്റ ചട്ടത്തിൽ നിയന്ത്രണം നഷ്ടപ്പെടുന്നു. ഭാര്യ പ്രതികരിക്കാൻ തുടങ്ങുന്നു. ദേഷ്യപ്പെടുന്നു, പാത്രങ്ങൾ വലിച്ചെറിയുന്നു. കുട്ടികളെ അടിക്കുന്നു. ലഹരി ഉപയോഗിക്കാതെ തന്നെ അവർ രോഗാവസ്ഥയിൽ എത്തുന്നു. കുടുംബം എട്ടുകാലി വല പോലെ കെട്ടുപിണഞ്ഞുകിടക്കുന്നു. പരസ്പരം പറയുന്നത് അംഗീകരിക്കാതെ വരുന്നു. ഇവിടെ മൂന്നാമതൊരാൾക്ക് മാത്രമേ സഹായിക്കാൻ സാധിക്കൂ. ലഹരി ആസക്തി ചികിത്സാകേന്ദ്രങ്ങൾക്കും കൗൺസിലിംഗ് സെന്റേഴ്സിനും വളരെയധികം സഹായിക്കാം. മദ്യപാനരോഗിയെ സംബന്ധിച്ചിടത്തോളം അവർ സ്ഥിരമായ രോഗി ആയതുകൊണ്ട് അവന്റെ നിലനില്പ്പ് ദൈവകൃപയുടെ വലിയ വ്യാപാരമാണ്. ഇതിന് സഹായകരമായി എ.എ. (ആൽക്കഹോളിക് അനോനിമസ്) യുടെ പങ്കാളിത്തവും ഇന്നേ ദിവസത്തിന്റെ പ്രാധാന്യവും അവരുടെ സ്വബോധാവസ്ഥയിലുള്ള വളർച്ചയ്ക്ക് വളരെ സഹായിക്കുന്നു.

അന്ധകാരനിബിഡവും അനാദൃശ്യ ആശങ്കയും അനന്തമായ ദുർഘടമേഖലയും ഉൾക്കൊള്ളുന്ന ഒരു നിബിഡവനത്തിന് തുല്യമാണ് മനുഷ്യജീവിതം. ഇവിടെ അപകടം എപ്പോഴും ഒളിച്ചിരിക്കുന്നു. അതിനാൽ ക്രിസ്തുശിഷ്യർ തുച്ഛീകരിക്കപ്പെടാതെ ഒരു ജീവിതത്തിന്റെ ഉടമയായിരിക്കണം. നാടോടുമ്പോൾ നടുവെ ഓടാനുള്ള ഒരു പ്രവണത ഇന്നും നിലനിൽക്കുന്നു. എന്നാൽ വി. പൗലോസ് തിമോഥിയോസിന് എഴുതിയ 2-ാം ലേഖനം 1-ാം അദ്ധ്യായത്തിൽ പറയുന്നതുപോലെ "ഭീരുത്വത്തിന്റെ ആത്മാവിനെ അല്ല ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയത്രേ ദൈവം നമുക്ക് നൽകിയിരിക്കുന്നത്."

## സഭാ മണ്ഡലം

തീയതി: 2016 സെപ്റ്റംബർ 15 മുതൽ 17 വരെ

## സഭാ മണ്ഡലം പഠനം

2016 സെപ്റ്റംബർ 24, അടൂർ സ്പിരിച്ചാലിറ്റി സെന്ററിൽ വച്ച്

## ലഹരി വിമോചന പ്രവർത്തനങ്ങൾ

- ക്യാമ്പുകൾ. 10 ദിവസം (മാസത്തിൽ 1) അടൂർ സ്പിരിച്ചാലിറ്റി സെന്ററിൽ വച്ച് നടത്തപ്പെടുന്നു.
- എ.എ. മീറ്റിംഗുകൾ (ആൽക്കഹോളിക് അനോനിമസ്)
- അൽ-അനോൺ മീറ്റിംഗുകൾ - മദ്യപാനം നിർത്തിയവരുടെ ഭാര്യമാരുടെ കൂട്ടായ്മ
- അൽ-അറ്റീൻ മീറ്റിംഗുകൾ - മദ്യപാനം നിർത്തിയവരുടെ മക്കളുടെ കൂട്ടായ്മ
- അനുധാവന പ്രവർത്തനങ്ങൾ
- കുടുംബസംഗമങ്ങൾ
- തെരുവ് നാടകങ്ങൾ
- പബ്ലിക് മീറ്റിംഗുകൾ
- ഫാമിനി കൗൺസിലിംഗ്
- സ്കൂൾ, കോളേജ് ബോധവത്കരണം
- ലഹരിക്കെതിരായുള്ള എക്സിബിഷൻ
- ഗ്രൂപ്പ് വർക്ക്

**കൂടുതൽ വിവരങ്ങൾക്ക്: റവ. റെജി യോഹന്നാൻ. 9847972833**

ഓർമ്മകളിലൂടെ...



# സ്വർണ്ണത്താലത്തിൽ ഈ സ്നേഹം

**ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ**

'ജീവിക്കാൻ മറന്നുപോയി' എന്ന ഒരു ചെറിയ പുസ്തകം ഞാൻ ഈയിടെ വായിച്ചു. സാഹചര്യങ്ങൾ മനുഷ്യനെ സൃഷ്ടിക്കുന്നുവോ, അതോ മനുഷ്യൻ സാഹചര്യങ്ങളെ സൃഷ്ടിക്കുന്നുവോ എന്നതിനെക്കുറിച്ചായിരുന്നു ആ പുസ്തകം. അതു വായിച്ചപ്പോൾ എനിക്കുണ്ടായിരുന്ന ഒരു ഡ്രൈവറെ ഞാൻ ഓർത്തു. ഈ ഡ്രൈവർ വലിയ മറവിക്കാരനായിരുന്നു. തനിയെ യാത്ര ചെയ്യുമ്പോൾ പല കാര്യങ്ങളും ഞാൻ മറക്കും. എന്നാൽ കൂടെയുള്ളവർ അവയിൽ എന്തെങ്കിലും മറന്നാൽ ക്ഷമിക്കുമായിരുന്നില്ല.

മറവി സംഭവങ്ങൾ ആവർത്തിച്ചപ്പോൾ, എവിടെയെങ്കിലും ബുദ്ധി വാങ്ങാൻ കിട്ടുമെങ്കിൽ അതു വാങ്ങി കഴിക്കണമെന്നും അതിനുള്ള ചെലവ് വഹിക്കാമെന്നും ഞാൻ അവനോട് പറഞ്ഞു. അങ്ങനെ മറവിരോഗം തടയാൻ ബുദ്ധി വാങ്ങുകയെന്ന ബുദ്ധി ഞാൻ ഉപദേശിച്ചു. എന്നിട്ടും വലിയ വ്യത്യാസമുണ്ടായില്ല. ബുദ്ധി വാങ്ങി കഴിക്കാത്തതിന്റെ പേരിൽ അവനെ ഞാൻ ശകാരിച്ചു.

അപ്പോൾ അവൻ എന്നോടു പറഞ്ഞു: 'ബുദ്ധി ഉണ്ടായിരുന്നെങ്കിൽ ഞാൻ തിരുമേനിയുടെ ഡ്രൈവറായി ഇവിടെ നിൽക്കുകയില്ലായിരുന്നു. അങ്ങയെപ്പോലെ പഠിക്കാനും യാത്ര ചെയ്യാനും വലിയ ആളുകളുമായി സംസാരിക്കാനും സാധിച്ചിരുന്നെങ്കിൽ ഞാനും ഒരു ബിഷപ്പ് ആയേനെ. ജീവിതസാഹചര്യം നിഷേധിക്കപ്പെട്ടു എന്ന കാരണംകൊണ്ട് എന്നെ അധിക്ഷേപിക്കരുത്.

ഞാൻ പറഞ്ഞു: 'നിനക്ക് ആവശ്യത്തിലധികം ബുദ്ധിയുള്ളതിനാൽ ഇനി പണം കൊടുത്തു വാങ്ങേണ്ട ആവശ്യമില്ല. എന്നാൽ, അതു കിട്ടുകയാണെങ്കിൽ കുറച്ച് എനിക്ക് കൊണ്ടുവന്നു തരണം.'

മറ്റുള്ളവരുടെ സാഹചര്യങ്ങളും കഴിവുകളും സാദ്ധ്യതകളും തിരിച്ചറിയാതെ അവരെ ആക്ഷേപിക്കുന്നത് ബുദ്ധിശൂന്യതയുടെ ലക്ഷണമാണെന്നു ഞാൻ അന്ന് തിരിച്ചറിഞ്ഞു. എന്നെ ശുശ്രൂഷിക്കുന്ന ഏതു ചെറിയവനും വിലപ്പെട്ടവനാണ്. എന്റെ ചുറ്റുമുള്ളവരുടെ കരുതലാണ് എന്റെ വാക്കുകളെയും അക്ഷരങ്ങളെയും വിലയുള്ളതാക്കുന്നത്.

Youth Corner

# കൗമാരത്തെ അടുത്തറിയുക



ശ്രീമതി. അഞ്ജന റെജി
ക്ലിനിക്കൽ സൈക്കോളജിസ്റ്റ്
ബെഥേൽ മാർത്തോമ്മാ ചർച്ച്
പോരുവഴി

കൗമാരം ഒരു പരിവർത്തനഘട്ടമാണ്. ശാരീരികവും മാനസികവും വൈകാരികവും സാമൂഹികവും ആത്മീയവുമായ ഒരുപാട് മാറ്റങ്ങൾ ഈ ഘട്ടത്തിൽ സംഭവിക്കുന്നു. കൗമാരപ്രായക്കാരെ സംബന്ധിച്ച് ഇത് പ്രശ്നങ്ങൾ നിറഞ്ഞ ഘട്ടമായിരിക്കും.

**വികാരങ്ങൾ: ജീവന്റെ ലക്ഷണം**

മനുഷ്യനെ പ്രവർത്തനോന്മുഖനാക്കുന്നത് വികാരങ്ങൾ ആണ്. വികാരങ്ങളെ രണ്ടായി തരംതിരിക്കാം. സ്വഭാവിക വികാരങ്ങളും, മനുഷ്യനിർമ്മിത വികാരങ്ങളും കോപം, ദുഃഖം, ഭയം, സന്തോഷം, ലൈംഗീകത എന്നീ വികാരങ്ങൾ സ്വാഭാവികങ്ങളാണ്. മനുഷ്യനിർമ്മിത വികാരങ്ങളാണ് കുറ്റബോധം, അസൂയ, അഹങ്കാരം, വിരസത തുടങ്ങിയവ.

**കൗമാരപ്രായക്കാരുടെ കോപം**

കൗമാരപ്രായക്കാരെ വ്യക്തികളായി അംഗീകരിക്കാതെ, കുട്ടികളായിതന്നെ കണക്കാക്കുമ്പോൾ അവർ മാതാപിതാക്കളോടും അദ്ധ്യാപകരോടും ദേഷ്യം പ്രകടിപ്പിക്കുന്നു. തങ്ങളെക്കുറിച്ച് താഴ്ത്തിക്കെട്ടി സംസാരിക്കുന്നവരുടെ മേൽ അവർ തട്ടിക്കയറുന്നു. അനാവശ്യനിയന്ത്രണങ്ങൾ വെയ്ക്കുന്നു. ഇവയെല്ലാം തന്നെ കോപത്തിന് കാരണങ്ങളാണ്.

മാതാപിതാക്കളെ സ്നേഹിക്കുവാനുള്ള സാധ്യത ഒരുവശത്ത്, അവരോടുള്ള വെറുപ്പ് മറ്റൊരു വശത്ത് ഇതോടൊപ്പം കുറ്റബോധവും. ഇങ്ങനെയൊരു ദയനീയാവസ്ഥയിൽ കൗമാരപ്രായക്കാർ ചെന്നുപെടുന്നു.

കോപം പാപകരമല്ലെന്ന നിലവാട് സ്വീകരിച്ചില്ലെങ്കിൽ നമ്മിൽ കുറ്റബോധവും, ഉത്കണ്ഠയും വർദ്ധിച്ചുവരും. ദേഷ്യപ്പെടാത്തവർ ആരും തന്നെ കാണുകയില്ല. പക്ഷേ ചുരുക്കം ചിലർക്ക് ആ വികാരത്തെ നിയന്ത്രിക്കാൻ അറിയാം.

***ക്രോധത്തിൽ നിന്നു രക്ഷപ്പെടുവാൻ പ്രായോഗികമായി ചെയ്യാവുന്ന ചില കാര്യങ്ങൾ ചുവടെ ചേർക്കുന്നു.***

- കോപം ഉണ്ടാക്കുന്ന നിമിഷത്തിൽ തന്നെ അതിനെക്കുറിച്ച് ബോധവാനാകുക. ഈ വികാരം നിങ്ങളിൽ അരിച്ചുകയറുന്നത് അല്പസമയം അനുഭവിക്കുക.
- കോപത്തിനു കാരണമായ പ്രകോപനം എന്താണെന്നു പരിശോധിക്കുകയാണ് അടുത്തപടി. ഉദാ. തന്നോടു ദേഷ്യപ്പെട്ട ബോസ്സിന്റെ നേരെ പ്രതികരിക്കാൻ സാധിക്കാത്ത ഉദ്യോഗസ്ഥൻ വീട്ടിൽ വന്ന് തന്റെ ഭാര്യയുടെയും കുട്ടികളുടെയും നേരെ ദേഷ്യപ്പെടുന്നു. കോപത്തിന്റെ ഉത്ഭവം കണ്ടു പിടിച്ചാൽ നിയന്ത്രണം എളുപ്പമാണ്.
- ചില സന്ദർഭങ്ങളിൽ കോപം പ്രകടിപ്പിക്കുന്നത് ഉചിതമാണ്. പക്ഷെ അതു കുറ്റപ്പെടുത്തുന്ന രീതിയിൽ ആകരുത്. മറ്റേയാളുടെ വ്യക്തിത്വത്തെ താഴ്ത്തിക്കെട്ടുകയാണ് നാം കുറ്റപ്പെടുത്തലിലൂടെ ചെയ്യുന്നത്. ദേഷ്യം എങ്ങനെ എന്നെ ബാധിച്ചു എന്നതിനെക്കുറിച്ച് നമുക്ക് പറയാം.
- ദേഷ്യത്തെ അടിച്ചമർത്താതെ അനുയോജ്യമായ രീതിയിൽ പുറത്തേക്ക് കളയാം. ഉദാഹരണത്തിന് ഓടുക, നടക്കുക, പറമ്പിൽ പണിയെടുക്കുക, തലയിണയുടെ മേൽ ഇടിക്കുക. ദേഷ്യത്തെക്കുറിച്ച് പേപ്പറിൽ എഴുതി അവസാനം കീറി കളയുക.

ഇങ്ങനെയെല്ലാം നമുക്ക് ജോലികൾ ചെയ്യുന്നതിലൂടെ ഊർജ്ജം പുറത്തേക്ക് പോകുന്നു.

ചില സമയങ്ങളിൽ സാഹചര്യങ്ങൾ നിയന്ത്രിക്കേണ്ടതിനു ന്യായമായ ദേഷ്യപ്രകടനം ഉപകരിക്കും. കോപത്തെ നിഗ്രഹിക്കേണ്ടതില്ല. വിവേകപൂർവ്വമായി നിയന്ത്രിക്കാൻ അഭ്യസിച്ചാൽ മതി.



# ACTS OF APOSTLES (CROSSWORD PUZZLE)




**Down**

1. In which city did Silas and Timothy meet up with Paul?
2. What was the name of the prophet who prophesied that Paul would be bound at Jerusalem?
3. Which book of prophecy was the Ethiopian eunuch reading from?
4. What was the name of the first Gentile convert to Christianity?
5. What was Paul's profession?

**Cross**

1. What was the name of the young man who fell out of the window during one of Paul's speeches?
2. What came out of the fire Paul made on Melita?
3. Who was appointed to replace Judas Iscariot as a disciple?
4. Towards which city was Saul travelling when he encountered a light from heaven?
5. What nationality was Timothy's father?


## റൈറ്റ് റവ. ഈശോ മാർ തിമൊഥെയോസ് മെമ്മോറിയൽ സ്പിരിച്ച്വാലിറ്റി സെന്റർ, അടൂർ

- എല്ലാം മാസത്തിന്റെയും ഒന്നാം ശനിയാഴ്ച രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1 വരെ
  **കരിസ്മാറ്റിക് ധ്യാനയോഗം.** *കൺവീനർ:* റവ. ജേക്കബ് ജോൺ, ഏനാത്ത്
- എല്ലാ മാസത്തിന്റെയും രണ്ടാം വെള്ളിയാഴ്ച **6.30 pm**
  **"കോർഗ്രൂപ്പ് യൂത്ത് ഫെലോഷിപ്പ്"** *കൺവീനർ:* റവ. ജിനു ജേക്കബ്, വയല
  എല്ലാ മാസത്തിന്റെയും രണ്ടാംശനിയാഴ്ച **ഹയർ എഡ്യൂക്കേഷൻ മോട്ടീവ് ക്ലാസ്സുകൾ**
  *കൺവീനർ:* റവ. ജോർജ്ജ് ഏബ്രഹാം, ചൂരക്കോട്
- എല്ലാ മാസത്തിന്റെയും നാലാം ശനിയാഴ്ച **9.30 am-5.30 pm പകൽവീട്**
  *കൺവീനർ:* റവ. മാത്യൂസ് മാത്തുണ്ണി, മണക്കാല - **യോഗ പരിശീലനം, ലൈബ്രറി റീഡ് ഇൻ പ്രോഗ്രാം**
  *കൺവീനർ:* റവ. റെജി യോഹന്നാൻ & ശ്രീമതി. അഞ്ജന യോഹന്നാൻ, ശൂരനാട്
- **പ്രീ – മാരിറ്റൽ, പോസ്റ്റ് മാരിറ്റൽ, ഫാമിലി കൗൺസിലിംഗ്**
  ഇടവക വികാരിമാരിൽക്കൂടി അറിയിക്കുന്നതനുസരിച്ച്

കൂടുതൽ വിവരങ്ങൾക്ക്:

**റവ. പി.എൻ. അലക്സാണ്ടർ. 9895626486, 04734 227545**

# A Glass of Milk






One day, a poor boy who was selling goods from door to door to pay his way through school, found he had only one thin dime left, and he was hungry.

He decided he would ask for a meal at the next house.

However, he lost his nerve when a lovely young woman opened the door. Instead of a meal he asked for a drink of water. She thought he looked hungry so brought him a large glass of milk. He drank it slowly, and then asked, "How much do I owe you?"

"You don't owe me anything," she replied. "Mother has taught us never to accept pay for a kindness." He said... "Then I thank you from my heart."

As Howard Kelly left that house, he not only felt stronger physically, but his faith in God and man was stronger also. He had been ready to give up and quit.

Years later, that young woman became critically ill. The local doctors were baffled. They finally sent her to the big city, where they called in specialists to study her rare desease. Dr. Howard Kelly was called in for the consultation. When he heard the name of the town she came from, the light of recognition filled his eyes. Immediately, he rose and went down the hall of the hospital to her room. Dressed in his doctor's gown he went in to see her. He recognized her at once. He went back to the consultation room even more determined to do his best to save her life. From that day he gave speical attention to her case. After a long struggle, the battle was won. Dr. Kelly requested the business office to pass the final bill to him for approval. He looked at it, and then wrote something on the edge and the bill was sent to her room. She feared to open it, for she was sure it would take the rest of her life to pay for it all. Finally she looked, and something caught her attention on the side of the bill.

She read these words, "Paid in full with one glass of milk." Dr. Howard Kelly.

Tears of joy flooded her eyes as her happy heart prayed. "Thank you Lord, that your love has spread through human hearts and hands.

There is a saying which goes something like this, "Breadcast on the waters come back to you. The good deed you deed today may benefit you or some one you love at the least expected time. If you never see the deed again at least you will have made the world a better place, - And after all, isn't that what life is all about?

Collected by:
**Rev. E.J. George**

നമ്മുടെ സ്ഥാപനങ്ങൾ

# ആശാഭവൻ

## പ്രതീക്ഷയുടെ പുതു കിരണങ്ങൾ



റവ. ജോജി കെ. മാത്യു (ഡയറക്ടർ, ആശാഭവൻ)

പ്രത്യാശയുടെ പുതുകിരണങ്ങൾ സമൂഹത്തിനു നൽകുന്ന മാർത്തോമ്മാ സഭയുടെ അഭിമാനാർഹമായ ഒരു സ്ഥാപനമാണ് പിടവൂർ ആശാഭവൻ. ശാരീരിക വെല്ലുവിളികൾ നേരിടുന്നവരെ മുഖ്യധാരയിൽ നിന്ന് അകറ്റിനിർത്തുന്ന ഇടുങ്ങിയ മനസ്സുള്ള സമൂഹത്തിന് ഒരു ബദൽ സംവിധാനം. കാഴ്ചപ്പാടുകളിലെ വൈകല്യമാണ് പല നന്മകളെയും വികലമായി ചിത്രീകരിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നത്. വ്യത്യസ്തമായ കഴിവുകളെ അംഗീകരിക്കുവാനുള്ള ഉൾക്കാഴ്ചയാണ് ആശാഭവന്റെ ലക്ഷ്യം. എല്ലാം തികഞ്ഞവർക്ക് സാമൂഹ്യസേവനം നടത്തി സായൂജ്യമടയാനുള്ള വേദിയായി അവസാനിക്കുന്നില്ല ആശാഭവന്റെ പ്രവർത്തനങ്ങൾ. ഇത് ഉൾചേരലിന്റെയും കൂട്ടായ്മയുടെയും സംഗമവേദിയാണ്. ജനനം മുതൽ കൈകളില്ലാത്തവൻ പാദം കൊണ്ടു മാത്രം നേടിയെടുത്ത പ്രശസ്തിയുടെ അമ്പരപ്പിക്കുന്ന ചരിത്രം ഇവിടുത്തെ ശ്രീ. സജയ്കുമാറിന് പങ്കിടാനുണ്ട്. ഫൈൻ ആർട്സിൽ ബിരുദാനന്തര ബിരുദം കരസ്ഥമാക്കി ഒരു കോളേജ് പ്രൊഫസർ എന്ന ലക്ഷ്യത്തിനായി അവൻ യത്നിക്കുമ്പോൾ "Abled" എന്ന് അഭിമാനിക്കുന്ന നമ്മുടെ തലമുറ ദിശയറിയാതെ പകച്ചുനിൽക്കുകയാണോ? സ്വയം ചലിക്കാൻ കഴിയാത്ത പട്ടമലക്കാരൻ ടോണി തോമസ്, താൻ പരിചയപ്പെട്ടവരുടെയെല്ലാം, ഫോൺ നമ്പർ ഒരു നിമിഷം കൊണ്ട് കാണാതെ പറയുമ്പോൾ, സ്വന്തം ഫോൺ നമ്പരിനായി നാം മൊബൈൽ ഫോണിൽ പരതുന്നു. ഏതാണ് വൈകല്യം.

ഇപ്പോൾ ആശാഭവനിൽ 67 കുട്ടികൾ അഭ്യസിക്കുന്നു. അവരിൽ 7 പേർ M.Com നും 3 പേർ ഡിഗ്രി ക്ലാസുകൾക്കും 3 പേർ ഫാഷൻ ഡിസൈനിംഗിനും 4 പേർ കമ്പ്യൂട്ടർ എഡ്യൂക്കേഷനും പൂർത്തീകരിക്കുന്നു. സ്കൂൾ വിദ്യാർത്ഥികൾക്കും സ്കൂളിൽ പോകാൻ സാധിക്കാത്തവർക്കും പ്രത്യേകം ട്യൂഷൻക്ലാസ്, ഫിസിയോതെറാപ്പി, സ്പീച്ച് തെറാപ്പി എന്നിവയിൽ സ്പെഷ്യലിസ്റ്റുകളുടെ മുഴുവൻസമയ സേവനം ഹെൽത്ത് ഡെവലപ്മെന്റായി ഡോക്ടർമാരുടെ പങ്കാളിത്തം ഇവയെല്ലാം നാം ഉറപ്പുവരുത്തുന്നു.

പങ്കാളിത്തമാണ് ഏറ്റവും വലിയ ശക്തി. മാർത്തോമ്മാ സഭാംഗങ്ങളുടെയും മറ്റ് സന്മനസ്സുള്ളവരുടെയും ശക്തമായ പിന്തുണ ഈ യാത്രയ്ക്ക് വിദ്യാർത്ഥികളെ സജ്ജരാക്കുന്നു.നമ്മുടെ പ്രാർത്ഥനയുടെ ബലം മാനുഷിക പരിമിതികളെ അതിജീവിക്കുവാൻ ഉതകുന്നതാണ്. നമ്മുടെ ഇടവകകളുടെയും പോഷകസംഘടനകളുടെയും ക്യാമ്പുകൾ, റിട്രീറ്റുകൾ എന്നിവ ഇവിടെ ക്രമീകരിക്കുക വഴി നമുക്ക് ഈ വിദ്യാർത്ഥികളെ സമൂഹവുമായി കൂടുതൽ ബന്ധിപ്പിക്കുവാനാകും. വിദ്യാഭ്യാസം പൂർത്തീകരിച്ചവർക്കായുള്ള പുനഃരധിവാസ പ്രവർത്തനങ്ങളിലും ദൈനംദിന പ്രവർത്തനങ്ങളിലൂമുള്ള നമ്മുടെ പങ്കാളിത്തം അനിവാര്യമാണ്. നമ്മുടെ പ്രത്യേക ദിനങ്ങൾ ഈ വിദ്യാർത്ഥികളോടൊപ്പം ചിലവഴിക്കുന്നതിലൂടെ നമ്മിലെ നമ്മെ കണ്ടെത്താം (to find ourself). എളിയവരെ ഉയർത്തുന്ന ക്രിസ്തീയ ശുശ്രൂഷയിൽ നമുക്കും പങ്കാളികളാകാം.

# എസ്.എസ്.എൽ.സി., +2 പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും A+ നേടിയ ഭദ്രാസനാംഗങ്ങൾക്ക് അഭിനന്ദനങ്ങൾ



**ഹന്ന സൂസൻ മാത്യു**
തുവയൂർ എബനേസർ



**ജെറിൻ ജോയിച്ചൻ**
മാർത്തോമ്മാ ഗുരുകുലം



**സാന്ത്വന ബെൻസൻ**
തുവയൂർ സെന്റ് ആൻഡ്രൂസ്



**ആഷാ റെജി**
തുവയൂർ സെന്റ് ആൻഡ്രൂസ്



**ജോയൽ സന്തോഷ്**
കടമ്പനാട് ശാലേം



**ജൂലി ബിജു**
കടമ്പനാട് ശാലേം



**ജൂബി അന്ന ചെറിയാൻ**
ഏളംകുളം ശാലേം



**ആഷിക് ബെൻസി**
കുന്നിട സെന്റ് തോമസ്



**ഷെറിൻ കെ. തോമസ്**
മണ്ണടി സെന്റ് തോമസ്



**ആൻ മേരി പ്രദീപ്**
ഏനാത്ത് എം.റ്റി.സി.



**ബെറ്റി ഇ. എസ്.**
ഏനാത്ത് എം.റ്റി.സി.



**സ്നേഹാ മത്തായി**
തേവലക്കര ഹെബ്രോൻ



**മേഘ മത്തായി**
തേവലക്കര ഹെബ്രോൻ



**സ്നേഹാ മേരി വിനോദ്**
തേവലക്കര ഹെബ്രോൻ



**അനി എം. റെജി**
ചാരുംമൂട് ക്രിസോസ്റ്റസ്



**അജിൻ അച്ചൻകുഞ്ഞ്**
താമരക്കുളം സെന്റ് തോമസ്



**അനു മേരി അലക്സ്**
വാത്തികുളം ബഥേൽ



**പ്രിൻസി മാത്യു**
വാത്തികുളം ബഥേൽ



**അയന ജോൺ**
വാത്തികുളം സെന്റ് പോൾസ്



**ജോസി സാം ജോൺസൺ**
കറ്റാനം എം.സി.റ്റി



**മെൽവിൻ എം. ജോർജ്ജ്**
കറ്റാനം എം.സി.റ്റി



**ജെറിൻ റോയി**
കുറത്തികാട് സെന്റ് തോമസ്



**ജെൻ ജോർജ്ജ് കോശി**
പള്ളിക്കൽ സെന്റ് തോമസ്

**ഏവർക്കും ഹെർമ്മോൻ ദൂതന്റെ ആശംസകൾ**

**Navodaya Topper Winner in VIth Std. Pathanamthitta Dist.**



**ജോയൽ ബിനു**
കൊറ്റനല്ലൂർ ശാലേം

## +2 Full A+



**ക്രിസ്റ്റി ജോർജ്ജ് വർഗ്ഗീസ്**
കറ്റാനം സെന്റ് തോമസ്



**മെർവിൻ റെൻജി**
കറ്റാനം സെന്റ് തോമസ്



**സ്നേഹ ഗ്രേയ്സ് ഏബ്രഹാം**
വാത്തികുളം സെന്റ് പോൾസ്



**പ്രത്യുഷ് ജെ. ബിനു**
കൊറ്റനല്ലൂർ ശാലേം

**SSLC Full A+** | **+2 Full A+**



**അക്സാ മറിയം റെജി**
ഞക്കനാൽ ശാലേം



**ശാലോം പി. ഡാനിയേൽ**
കൊറ്റംപള്ളി ബഥേൽ



**അനുഗ്രഹ അന്ന നൈനാൻ**
ചുനക്കര സെന്റ് തോമസ്



**ബിൻസി ജോസഫ്**
കറ്റാനം സെന്റ് തോമസ്

# പ്രശ്നോത്തരി

കഴിഞ്ഞ ലക്കത്തിലെ വിജയി

**കെ.എം. ഏബ്രഹാം, കുറ്റിയിൽ എബനേസർ, കൊറ്റംപള്ളിൽ**

## കഴിഞ്ഞ ലക്കത്തിലെ ഉത്തരങ്ങൾ

1. യെരിഹോം
2. 1987 ഏപ്രിൽ 27
3. ഡോ. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ
4. ഡോ. ഫീലപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്താ
5. പരിസ്ഥിതി സംരക്ഷണത്തിനും മാലിന്യ നിർമ്മാർജ്ജനത്തിനും ഉതകുന്ന പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുക
6. കൊറ്റനല്ലൂർ

## ഈ ലക്കത്തിലെ ചോദ്യങ്ങൾ

1. അലരികൾ വളരുന്നത് എവിടെ?
2. സൃഷ്ടിയുടെ അനുസരണക്കേടിനാൽ ലോകത്തിൽ എന്ത് വന്നു?
3. ഡോ. അലക്സാണ്ടർ മാർത്തോമ്മായുടെ ഗവേഷണഗ്രന്ഥം
4. കാര്യങ്ങളെ സമഗ്രമായി അപഗ്രഥിച്ച സ്വയം മനസ്സിലാക്കുന്നവൻ ആരാണ്?
5. ലഹരിവസ്തുക്കളുടെ അമിത ഉപയോഗം ഒരു വ്യക്തിയെ എന്തിലേക്ക് നയിക്കുന്നു?
6. കാൽവിരൽകൊണ്ട് ചിത്രം വരയ്ക്കുന്ന യുവാവിന്റെ പേര്?
7. മനുഷ്യനെ പ്രവർത്തനോന്മുഖനാക്കുന്നത് എന്താണ്?

**ഈ ലക്കം ഹെർമ്മോൻ ദൂതൻ അടിസ്ഥാനമാക്കിയുള്ളതാണ് ചോദ്യങ്ങൾ. ശരിയുത്തരം നൽകുന്നവരിൽനിന്ന് തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾ സമ്മാനാർഹനാകുന്നതാണ്. ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി: 2016 സെപ്റ്റംബർ 10**

ഹെർമ്മോൻ ദൂതൻ പ്രശ്നോത്തരിക്ക് ലഭിക്കുന്ന അഭൂതപൂർവ്വമായ പ്രതികരണത്തിന് നന്ദി... ശരിയുത്തരം അയയ്ക്കുന്നവരിൽനിന്ന് നറുക്കെടുപ്പിലൂടെയാണ് വിജയിയെ നിർണ്ണയിക്കുക. വിജയിക്കുള്ള സമ്മാനം ഭദ്രാസന കൺവൻഷനോട് ചേർന്ന് നൽകപ്പെടുന്നതാണ്. തുടർന്നും ഏവരുടെയും ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിക്കുന്നു.

**എഡിറ്റർ**

അടുത്തലക്കം ഹെർമ്മോൻ ദൂതനിൽ പ്രസിദ്ധീകരിക്കുവാനുള്ള തിരുവചനധ്യാനങ്ങൾ, വാർത്തകൾ, ലേഖനങ്ങൾ, പഠനങ്ങൾ, കഥകൾ, കവിതകൾ, വിവാഹപരസ്യങ്ങൾ, കാര്യപരിപാടികൾ, വ്യക്തിഗത നേട്ടങ്ങൾ എന്നിവ അറിയിച്ചാൽ എഡിറ്റോറിയൽ കമ്മിറ്റിയുടെ അനുമതിക്കു വിധേയമായി അത് പ്രസിദ്ധീകരിക്കുന്നതിന് സെപ്റ്റംബർ 10-നുമുൻപ് ലഭിച്ചിരിക്കണം. നിങ്ങളുടെ അഭിപ്രായങ്ങൾക്കും സ്വാഗതം



**ഒക്ടോബർ – ഡിസംബർ**

**വിഷയം : മാതാപിതാക്കൾ മക്കളുടെ സുവിശേഷകർ**

*വിലാസം:*

**എഡിറ്റർ, ഹെർമ്മോൻ ദൂതൻ, ഹെർമ്മോൻ അരമന, അടൂർ – 691523**

E-mail: hermondoothan@gmail.com

# വാർത്തകൾ – വിശേഷങ്ങൾ

## ഭദ്രാസന അസംബ്ലി

2016 ആഗസ്റ്റ് 6-ാം തീയതി ശനിയാഴ്ച, അടൂർ സ്പിരിച ്വാലിറ്റി സെന്ററിൽ വച്ച് രാവിലെ 10 മണിക്ക്

## ഭദ്രാസനദിനവും ഫണ്ട് ശേഖരണവും

2016 ആഗസ്റ്റ് 21-ാം തീയതി ഞായർ

## ഭദ്രാസന ബസ്ക്കിയോമോമാരുടെ സമ്മേളനം

2016 ജൂലൈ 6-ാം തീയതി ബുധനാഴ്ച, അടൂർ സ്പിരിച്വാലിറ്റി സെന്ററിൽ വച്ച്

## ഇടവക ശുശ്രൂഷകരുടെ സംഗമം

2016 ജൂലൈ 16-ാം തീയതി ശനിയാഴ്ച, അടൂർ സ്പിരിച്വാലിറ്റി സെന്ററിൽ വച്ച് 3.30 PM

## അവാർഡ്ദാനം

ഈ വർഷം എസ്.എസ്.എൽ.സി., +2 പരീക്ഷകളിൽ ഉന്നതവിജയം നേടിയ ഭദ്രാസനത്തിലെ പുതിയ ഇടവകകളിലെ രണ്ട് കുട്ടികൾക്ക് ക്യാഷ് അവാർഡും, മൊമന്റോയും നൽകി ഭദ്രാസന അസംബ്ലിയിൽ വച്ച് ആദരിക്കുന്നതാണ്. മാർക്ക്ലിസ്റ്റുകളുടെ കോപ്പി വികാരിയുടെ ശുപാർശയോടുകൂടി ഭദ്രാസന ആഫീസിൽ അയച്ചുതരേണ്ടതാണ്.

## യുവജനസഖ്യം

### നേതൃത്വപരിശീലന കളരി

***വിഷയം:*** യൗവ്വനം ജീവന്റെ സമഗ്രതയ്ക്ക്

2016 ജൂലൈ 15, 16, 17 (വെള്ളി, ശനി, ഞായർ) അടൂർ യൂത്ത്സെന്ററിൽ

### കരിയർ ഗൈഡൻസ് ക്ലാസ്

2016 ജൂൺ 26-ാം തീയതി ഞായറാഴ്ച, ഉച്ചയ്ക്ക് 2.30 ന് പുതുവൽ സെന്റ് തോമസ് മാർത്തോമ്മാ ദേവാലയത്തിൽ, ശ്രീ. സിജിൻ കെ.എസ്. ക്ലാസിന് നേതൃത്വം നൽകുന്നു.

## വികസനസംഘം

### വാർഷിക പൊതുയോഗവും പഠനക്ലാസും

2016 ജൂൺ 24, വെള്ളിയാഴ്ച രാവിലെ 10 മണിക്ക് അടൂർ സ്പിരിച്വാലിറ്റി സെന്ററിൽ വച്ച്